T62
K13

# കണ്ണുനീർ

(സംഗീതനാടകം)

T62
K13

അസ്സീസി സമാജം

അസ്സീസിനഗർ, കൊല്ലം.

DHARMARAM COLLEGE LIBRARY, BANGALORE.
2869

PRINTED AT: ASSISI PRESS, QUILON.

1955

അവരുടെ നേതാവായ

അസ്സീസിയിലെ ഗായകശ്രേഷ്ഠന്

അസ്സീസിസമാജം ഈ ചെറു

കൃതിയെ കൂപ്പുകൈയോടെ

സമർപ്പിക്കുന്നു.

# കഥാപാത്രങ്ങൾ

---

| | | |
|---|---|---|
| ആനന്ദൻ | — | കഥാനായകൻ |
| ഹരി | — | അനുജൻ |
| അമ്മ | | |
| കൊല്ലാമതൻ | — | ഭൃത്യൻ |
| പപ്പു | — | തോട്ടക്കാരൻ |
| സുരേന്ദ്രൻ, ഷൗക്കത്തു്, മധു | — | ആനന്ദന്റെ സ്നേഹിതന്മാർ |
| ജോസ് | — | ഡോക്ടർ |
| കേശവൻ | — | ചാരായഷാപ്പുകാരൻ |
| രാഘവൻ | — | കറിക്കച്ചവടക്കാരൻ |

മാനേജർ, യാത്രക്കാരൻ, പോസ്റ്റ്പ്യൂൺ, കൂലിക്കാരൻ.

## സീൻസ്

ആനന്ദഭവനം, തെരുവു്, ചാരായഷാപ്പു്,

റയിൽവേസ്റ്റേഷൻ.

# രംഗം 1

[ആനന്ദഭവനത്തിന്റെ പൂമുഖത്തു് ഭൃത്യൻ കൊല്ലാമതൻ വീട്ടുസാധനങ്ങറം വൃത്തിയാക്കുന്നു.]

കൊല്ലാമതൻ—(ആത്മഗതം) ഈശ്വരാ! എന്റെതലയിലെഴുത്തു് എന്താ ഇപ്രകാരമായിപ്പോയതു്. ഇരുന്നാലും കുററം നിന്നാലും കുററം; പിന്നൊന്നു കിടന്നാലത്തെ കാര്യം പറയണോ? ഏതായാലും ആത്മാവിനിത്തിരി ചൂട്ടു കൊടുക്കട്ടെ. അല്ലെങ്കിൽ നീരു കല്ലിച്ചുപോകും.

(അടുത്തുള്ള കസേര വലിച്ചിട്ടിരിക്കുന്നു. കാലു രണ്ടും പൊക്കി മേശപ്പുറത്തും. ചെവിയുടെ മടക്കിൽനിന്നും ഒരു മുറിബീഡിയും മടിയിൽനിന്നും തീപ്പെട്ടിയും എടുത്തു് കത്തിച്ചുവലിക്കുന്നു. വൃത്തത്തിൽ പുകവിടാൻ ശ്രമിക്കുന്നു. സ്റ്റേജിന്റെ ഒരു വശത്തുനിന്നും "ആനന്ദൻ" പ്രവേശിക്കുന്നു. ഭൃത്യന്റെ പ്രവൃത്തികണ്ടു് സ്തബ്ധനായി നില്ക്കുന്നു. അതിനുശേഷം സമീപിച്ചു് രഹസ്യത്തിൽ തീപ്പെട്ടി ചോദിക്കുന്നു. ഭൃത്യൻ ആളിനെ നോക്കാതെ കൊടുക്കുന്നു. അവസാനം ആളു മനസ്സിലായി സംഭ്രാന്തനായി ചാടി എഴുനേല്ക്കുന്നു. ആനന്ദൻ ഒരു സിഗററു എടുത്തു കത്തിക്കുന്നു.)

കൊല്ലാ—ഇതാരു്! മൂത്തകുഞ്ഞോ തീപ്പെട്ടി ചോദിച്ചതു്.

ആനന്ദൻ—ഉം, പിന്നാരാണെന്നാടാ നീ കരുതിയതു്?

കൊല്ലാ—അല്ല ഞാൻ വിചാരിച്ചു വലിയേമാനനാണെന്നു്.

ആനന്ദൻ—(ക്ഷോഭിച്ചുകൊണ്ടു്) ഛീ: എന്തു പറഞ്ഞെടാ, നിന്റെ ധിക്കാരം അത്രയ്ക്കായോ. ആ കട്ടെ, നീ പോ, പോയി ആ സൂട്ടു് കെയ്സ് എടുത്തുകൊണ്ടു വരൂ. സമയമില്ല. ഹും. വേഗം.

(ഭൃത്യൻ കുറെനേരം ആലോചിച്ചുനിന്നിട്ടു് ഓടിപ്പോകുന്നു. അല്പം കഴിഞ്ഞു് ഒരു ചൂട്ടുകെട്ടുമായി പ്രവേശിക്കുന്നു.)

ഭൃത്യൻ—കുഞ്ഞേ എന്തിനാ ഈ പകലത്തു ചൂട്ടുകെട്ടു്; എവിടെ പോകാനാ?

ആന—(ഗൗരവത്തോടെ] എവിടെടാ സൂട്ട് കെയ്സ്?

ഭൃത്യൻ—ഇതാ (ഷൂട്ടുകെട്ടു കൊടുക്കുന്നു.)

ആന—(സരോഷം പല്ലു കടിച്ചുകൊണ്ട്) എടാ തടിമാടാ ഇതാണോ നിന്നോടു ഞാൻ പറഞ്ഞത്. ഞാൻ പുറത്തുകൊണ്ടു പോകുന്ന ആ തോൽസഞ്ചി എടുത്തു കൊണ്ടു വരൂ. ഇഡിയററ്.

ഭൃത്യൻ—അയ്യോ അവസാനം പറഞ്ഞതെന്തോന്നാ? സിഗററാണോ? വല്യേമാനും ഇതുകണക്കാ, ദേഷ്യം വന്നാ "സിഗറേററ, സിഗറേററ" എന്നു പറയും.

ആന—എടാ അതു കൊണ്ടുവരാനല്ലെ നിന്നോടുപറഞ്ഞത്? (അടിക്കുവാൻ ഭാവിക്കുന്നു.) ഇവിടെ നിന്നു ചെലക്കാനാണോ വീട്ടിലുള്ളതെല്ലാം തിന്നു മുടിക്കുന്നത്? സ്റ്റുപ്പിഡ്.

(ഭൃത്യൻ ഓടുന്നു; സൂട്ട്കെയ്സുമായി പ്രവേശിക്കുന്നു)

ആന—(സൂട്ട്കെയ്സ് വാങ്ങിച്ചുകൊണ്ട്) എടാ ~~അമ്മ~~ അച്ഛൻ എവിടിരിക്കയാ?

കൊല്ലു—അമ്മ വേലക്കാരിയോടു വർത്താനം പറയാ.

ആന—നീ പോയി ആ താക്കോൽ ഇവിടെ കൊണ്ടുവരൂ.

കൊല്ലു—(അല്പം ആലോചിച്ചു, വിഷമഭാവത്തിൽ) അതു തലയിണയുടെ അടിയിലാ.

ആന—എവിടെങ്കിലുമാകട്ടെടാ, നീ ഇങ്ങ് എടുത്തുകൊണ്ടു വാ. (കൊല്ലു—കൊണ്ടുവന്നു കൊടുക്കുന്നു.)

(താക്കോലും വാങ്ങി ആനന്ദൻ അകത്തേക്കു പോയി. ഒരു കെട്ടു നോട്ടുമായി പ്രവേശിക്കുന്നു.) എടാ ഇന്നാ.

(ഒരു നോട്ടു കൊടുക്കുന്നു) പുറത്തു പറയരുതു്. ബോംബെയിൽനിന്നു് പഠിത്തം കഴിഞ്ഞു വന്നിട്ടു് ഒരു കാശും കയ്യിലില്ല. നീ ഹരിയെ കണ്ടോ? അവൻ കോളേജിൽ പോയോ?

കൊല്ല—ഓഹോ. ഇപ്പം കാറിൽ കയറി പൊകയും വിട്ടോണ്ടു പോയതേയുള്ള.

ആന—എന്തു്, അവൻ സിഗററ വലിയ്ക്കുമോ?

കൊല്ല—ഇല്ല. ഇല്ല. കാറിൻെറ പുറകിൽനിന്നും പുക വന്നു. അല്ലാതെ ഇളയകുഞ്ഞു് സിഗററ വലിയ്ക്കുത്തില്ല. റിക്ഷായും വലിക്കുത്തില്ല. അതെല്ലാം മൂത്തകുഞ്ഞിനാണുള്ളതു്. വല്യേമാൻ എന്നോടു സിഗററവു് എന്നൊക്കെപ്പറഞ്ഞു; എന്നാലും സിഗററവു് കൊടുത്താൽ എന്നെ ചീത്തപറയും.

ആനന്ദ—മതിയെടാ, അധികമൊന്നും പ്രസംഗിക്കേണ്ട പോടാ അകത്തു്, ഉം പോ. (ആനന്ദൻ മറയുന്നു.)

കൊല്ല—(മൂക്കിൽ വിരൽ വച്ചുകൊണ്ടു്) അയ്യാളു് ബോംബെപോയി പഠിച്ചെന്നും പറഞ്ഞു് ബാക്കിയുള്ളവനു് കിടക്കപ്പൊറുതിയില്ല. എപ്പോഴും എടാ വാടാ പോടാ, എന്നൊക്കെ പറഞ്ഞു എന്നെ തൊഴിക്കാൻ വരും.

## ഗാനം

(നീലക്കുയിലിലെ "കായലരികത്തു്" എന്ന മട്ടു്.)

കായംകുളത്തുന്നു വലിച്ചിഴച്ചെന്നെ
ഇവിടെ വരുത്തിയ തലവിധി...
വയററിപ്പിഴപ്പിനു വഴിയില്ലാതെ
ഞാൻ ചെരിപ്പു തുടക്കുന്ന ദുർവിധീ...
മൂന്നുനേരവും ചോറടിച്ചങ്ങു
പള്ള വീർക്കുമ്പോഴാനന്ദം

എല്ലുനുറുങ്ങടനെ പണിയെടുക്കുമ്പം
കാററുപോലങ്ങു മറയുന്നു...

വലിയമ്മേടയും, ഇളയകുഞ്ഞിന്റേം
കരുണകൊണ്ടുള്ള ജീവിതം,
മൂത്തകുഞ്ഞിൻെറ മുഷ്കുനിടികൊണ്ടു
നരകമായങ്ങുമാറുന്നു...

വേറെയാണു വിചാരമെങ്കിലും
ജോലിശരിക്കങ്ങുനടത്തിയെന്നെനീ–
വലിയകുഞ്ഞിൻെറ ഇടികളിൽനിന്നും
കാത്തുകൊള്ളണേ പഹവാനേ...

അല്ല, വല്യേമാൻ കണ്ണടച്ചതിൽ പിന്നീട് ഒന്നും കൊണം പിടിച്ചിട്ടില്ല. കണ്ടില്ലേ ആ അമ്മയെ കറക്കി പണം പിടുങ്ങിയിട്ടു പോയതു്. ആ ഇളയ കുഞ്ഞു പാവം. (പെട്ടെന്നു് കാറിൻെറ ശബ്ദംകേട്ടു് തിരിഞ്ഞു നോക്കുന്നു.) അതാ വന്നു കഴിഞ്ഞല്ലോ? (ഹരി പ്രവേശിക്കുന്നു) എന്താ കുഞ്ഞേ ഇന്നു ഇത്ര നേരത്തേ?

ഹരി—എല്ലാം ഉണ്ടെടാ. അമ്മ എവിടെ?

കൊല്ല—ആരു്? അമ്മയോ? അമ്മ അകത്തു കാണണം.

ഹരി—ഇങ്ങു വിളിച്ചേ.

(കൊല്ലാമതൻ അമ്മയെ വിളിച്ചുകൊണ്ടുവരുന്നു.)

അമ്മ—എന്തിനാ കുഞ്ഞേ നീ വിളിച്ചതു്?

ഹരി—അമ്മേ ഒരു നല്ല കാര്യം പറയാനാ. ഒരു സൈക്കിൾ എനിക്കു് ചുളുവിലക്കു കിട്ടി. ഹെർക്കുലീസ് വണ്ടിയാ. 75 രൂപാ മാത്രം. പുതിയതു്. നല്ല ഡൈനാമോ ലൈററും മററും ഉണ്ടു്.

കൊല്ല—ഡൈമാനാ ലൈററുണ്ടോ? എങ്കിൽ കൊള്ളാം. പ

ക്ഷേ മൂന്നു ചക്രോള്ള വണ്ട്യാണെങ്കിൽ എനിക്കും കട
യിൽ കൊണ്ടു പോകാരുന്നു.

അമ്മ—നിനക്കെന്തിനാ കുഞ്ഞേ സൈക്കിൾ? നല്ലകാലം
കാറുണ്ടല്ലോ. നീ B. A. പാസ്സാകുമ്പോൾ നിനക്കു
മാത്രം ഒരു കാറ തന്നേക്കാം. എന്താ പോരെ?

ഹരി—ഇല്ലമ്മേ; എനിക്കു വേണ്ട. കാറ് ദിവസവും നാലു
രൂപയ്ക്കു പെട്രോൾ കുടിക്കും. എന്തിനാ ആ കാശു വെ
റുതെ കളയുന്നതു്. ഞാൻ നോക്കിയിട്ടു ഇതൊരു
പററിയ പ്ലാനാണ്. എന്താ അമ്മേ, അതു നല്ലതല്ലേ?

കൊല്ല—ശരിയാ, കുഞ്ഞിൻെറ കാർ നാലു രൂപായ്ക്കുള്ള പെ
ട്രോളല്ലേ ചെലവാക്കുന്നതു്. എന്നാ മൂത്ത കുഞ്ഞോ
നാല്പതു രൂപയുടെ പെട്രോളല്ലല്ലോ കുടിക്കുന്നതു്?

അമ്മ—അതേ (മൂക്കിൽ വിരൽവച്ച് തല അല്പം കുനിച്ച്)
രണ്ടും എൻെറ മക്കൾ തന്നെ. പക്ഷേ രണ്ടിൻെറയും
സ്വഭാവം രാപകൽ വ്യത്യാസം. എന്തു ചെയ്യാം! അ
വൻ നന്നായി കണ്ടിട്ടു എൻെറ കണ്ണടപ്പിച്ചേക്കണേ,
എൻെറ ഈശ്വരാ! കുഞ്ഞേ നിൻെറ ഇഷ്ടംപോലെ
ചെയ്തോളൂ.

ഹരി—കൊല്ലാമതൻ എൻെറ കൂടെ വരൂ. ഞാൻ കാറിൽ
തിരിച്ചു പോരാം. നീ സൈക്കിൾ കൊണ്ടുപോരിക.

കൊല്ല—ശരി, കുഞ്ഞിവിടെ നില്ല്. ഞാനൊരു കൈ
വണ്ടി എടുത്തോണ്ടു വരാം.

ഹരി—എന്തിനാ കൈവണ്ടി?

കൊല്ല—എന്താ കുഞ്ഞേ ഇങ്ങനെ ചോദിക്കണതു്? കുഞ്ഞ
ല്ലേ പറഞ്ഞതു് സൈക്കിൾ കൊണ്ടു വരണമെന്ന്.

ഹരി—അതിന് കൈവണ്ടി എന്തിന്?

കൊല്ല—പിന്നെ റിക്ഷായിൽ കൊണ്ടു വരുമോ?

ഹരി—ശെടാ, നീയൊരു 'കൊല്ലാമൃഗം' തന്നെ. സൈക്കിൾ ഉരുട്ടിക്കൊണ്ടുപോരണം.

കൊല്ല—ഓടിപ്പോകുന്ന സാതനം ഉരുട്ടിക്കൊണ്ടുവരുന്ന തെങ്ങനാ?

ഹരി—നീ വരു; പറഞ്ഞുതരാം.

[കർട്ടൻ]

# രംഗം 2

[സ്ഥലം ഒരു തെരുവീഥി. സുരേന്ദ്രനും, ഷൗക്കത്തും സംഭാഷണം.]

സുരേന്ദ്രൻ—വാസ്തവത്തിൽ ഇന്നു ഒരു ഗുണവുമില്ലന്നാ തോന്നുന്നതു്. (ഷൗക്കത്തിൻെറ തോളിൽ തട്ടിക്കൊണ്ടു്) എന്താ ഷൗക്കത്തു്?

ഷൗക്ക—(തല കുലുക്കി) അതേ അതേ ഒരുത്തനെയും സ്നേയിക്കാൻ കൊള്ളൂല്ല. ഹള്ളാപടച്ച ഈ ദുനിയാവിൻറകത്തു നല്ലവരൊന്നും ഇല്ലന്നെ; എല്ലാം ഹറാം പെറന്നോരാ.

സുരേ—അതേ,അതു ശരിയാ. എങ്ങനെയാ ഒരുത്തൻസ്നേഹിക്കുന്നതു്? വല്ലവരും സ്നേഹിച്ചാൽ അവരെ കുത്തുപാളയെടുപ്പിക്കും. അതല്ലേ ഇപ്പോഴത്തെ കാലം.

ഷൗക്ക—(അല്പം ഗൗരവത്തിൽ) ദേ, തോന്ന്യാസം പറഞ്ഞാലുണ്ടല്ലോ; താനാണോ ഞമ്മനാണോ ഇന്നലെ ആനന്ദൻ കൊണ്ടൊന്ന രണ്ടു പച്ച നോട്ടു വിഴുങ്ങിയതു്.

സുരേ—ഓ! അതു നിസ്സാരം. ശെടാ, ആരാ ഈനില്ക്കുന്നവർ. പൊട്ടാസ്സും മനയോലയുമല്ലേ?

ഷൗക്ക—ഓ തല്ലു കുപ്പേല്യ്. ഇന്നത്തെ പരിപാടി എന്താ നിശ്ചയിച്ചു?

സുരേ—ആനന്ദൻ തന്നെ ആധാരം.

(ഒരു വശത്തുകൂടി ആനന്ദൻ പ്രവേശിക്കുന്നു. ആനന്ദനെ ചൂണ്ടിക്കാണിച്ചിട്ട്) ഇതാ അദ്ദേഹം വന്നു കഴിഞ്ഞതല്ലോ.

ആനന്ദ—Hullo! Good morning.

ഷൗക്ക—Good morning.

സുരേ—Good morning.

ആനന്ദൻ—(സിഗററ്റ് പെട്ടി തുറന്നു കാണിച്ചുകൊണ്ട്) വലിക്കണം സഖാവേ. (മൂന്നുപേരും പുകവലിച്ച് ചുരുളചുരുളായി പുകവിടുന്നു) ഇന്നു വളരെ മോശം. വളരെ പണിപ്പെട്ടു 79 രൂപായുണ്ട്. അതും അമ്മയെ കുറെ കുറക്കിയാ കൈക്കലാക്കിയതു്.

സുരേ—ഷൗക്കത്തു് എന്തു പറയുന്നു. ഇതിൽ നില്ക്കുമോ?

ഷൗക്ക—നോക്കികള്യാം.

ആനന്ദൻ—ശരി പോകാം.

(മൂന്നുപേരുംകൂടി ചാരായഷാപ്പിലേക്കു് നടക്കുന്നു.)

[കർട്ടൻ]

# രംഗം 3

(ത്രിമൂർത്തികൾ ചാരായഷാപ്പിൽ ഇരിക്കുന്നു.)

ആനന്ദൻ--ഞാൻ ഒന്നും പറയത്തില്ല. എല്ലാം നിങ്ങൾ തന്നെ പറഞ്ഞു കൊള്ളണം.

ഷൗക്ക—ശരി, ഞമ്മനേററു. അമ്മാവാ (കച്ചവടക്കാരനെ വിളിച്ച്) ഒരു ആറു കുപ്പി ററിപ്പ് ഇവിടെ.

സുരേ—വിററാമിൻ "ഏ" ആയിരിക്കണം.

ഷൗക്ക—(കറിക്കാരനോട്ട്) ടെയ് ദ്രാവകാ! ഹെയ് കറി! ഒരു മൂന്നു പ്ലേററ് കോയിൻെററച്ചി. കൊററയെല്ല്. ഉം. വേഗം.

[മൂന്നുപേരും കുറേനേരം കുശലപ്രശ്നങ്ങൾ നടത്തുന്നു. വീണ്ടും കുടിച്ച് ആനന്ദൻ എഴുന്നേററുകൊണ്ടു് ഡാൻസിനുള്ള ഭാവമാണ്. മററ രണ്ടുപേരും ഇരുന്നാടിക്കൊണ്ടു് മേശമേൽ താളമടിക്കുന്നു.]

ആന—അളിയാ, നമ്മളെവിടയാ ഇപ്പം സൊര്‍ഗ്ഗത്തിലാണോ, അതോ നെലംതൊടാതെയാണോ?

സുരേ—അതെ, നെലംതൊടാതെയാ ഞാൻ നില്ക്കുന്നതു്.

ഷൗക്ക—ഞണ്ടായാലും ഇവടെ കറങ്ങുന്ന കഷേരയുടെ ആവഷില്ല.

സുരേ—അളിയൻ മഡയനാ. കഷേരയല്ല മേഷയാ കറങ്ങുന്നതു്.

ആന—(ഇറങ്ങി താഴെയിരുന്നിട്ടു്) മഴയന്മാരു്. കഷേര കിടക്കുന്നതു കാണാൻ വയ്യാ. കേറി നെലത്തിരിക്കുന്നതു കണ്ടില്ലേ? എടാ മററുള്ളവരെക്കൊണ്ടു് ഒന്നും പറയിപ്പിക്കാതെ തറേന്ന് എറങ്ങി കഷേരയിൽ ഇരിക്കു്. വല്ലവരും കണ്ടാ എന്തു പറയും? (വീണ്ടും കുടിക്കുന്നു)

ഷൗക്ക—ആന്നളിയാ. ഓൻ പറഞ്ഞതു സഴിയാ. ഞമ്മനി പ്പോഴല്ലേ ആലോഷിത്തതു്.

ആന—(വിളക്ക ചൂണ്ടിക്കാണിച്ചിട്ടു്) ഇതു സൂര്യനാ ഛന്ദ്ര നാ?

സുര—അതു നക്ഷത്രമാ.

ആന—അമ്മാവാ, അമ്മാവാ ഇങ്ങവന്നേ. അവൻ വല്ല അന ക്ഷരം പറഞ്ഞാലും അതു് ഈശ്വരനെക്കരുതി ഷമി ശേക്കണം. കേട്ടാമ്മാവാ, അളിയൻ അതിലൊന്നും വി ഴാരിക്കരുതു്. അവൻ കുടിശിട്ടൊണ്ടു്.

സുര—അതേ. അളിയൻ കേശവനമ്മാവൻ അതു ഷമി ക്കണം.

കേശ—അയ്യോ നമ്മുടെ പണം ഇങ്ങു തന്നാട്ടെ?

ഷൗക്ക—എന്തു വേണം അമ്മാവാ?

കേശ—ആറ കുപ്പിക്കു് ഇരുപത്തിനാലു രൂപാ.

ഷൗക്ക—അഫോൾ ആനന്ദൻ......

ആന—(പേഴ്സ് എടുത്തു കേശവനുകൊടുത്തിട്ടു്) കറിക്കാ രൻെറ തൊകയും കൊടുത്തേക്കണം. ബാക്കി ഞാൻ പിന്നെത്തരാം. (വീണ്ടും കുപ്പി എടുത്തു കുടിക്കുന്നു. ല ഹരിപിടിച്ചു കറങ്ങുന്നു)

## ഗാനം

കണ്ണുരണ്ടും ഛുറ്റുന്നു കാതു് അടയ്ക്കുന്നു
ചാരായമെന്നമനം കൊഞ്ചിക്കൊഞ്ചിപ്പേശുന്നു
ഒന്നും പിടികിട്ടുന്നില്ല അളിയാ ഒന്നും പിടികിട്ടുന്നില്ല

ചാരായംതാനോ അമൃതുതാനേ ഉള്ളിൽ
ചെന്നാൽ വിചിത്രംതാനേ...ചാരായം...
ഓ......ചാരായം ചാരായം ചാരായം

സ്വർഗ്ഗത്തേക്കുള്ള ട്രാൻസ്പോർട്ടുമാത്രം
ടിക്കററോ രണ്ടു രൂപാമാത്രം ചാരായം...
ഓ......ചാരായം ചാരായം ചാരായം

കറിയുടെ എരിവും മററതിൻെറ പുളിയും
രണ്ടുംചേർന്നാൽ സ്വർഗ്ഗംതാനേ...ചാരായം
ഓ......ചാരായം ചാരായം ചാരായം

കണ്ണുരണ്ടും ചുവന്നു കാതു് അടയ്ക്കുന്നു
ചാരായമെന്നുമനം കൊഞ്ചികൊഞ്ചിപ്പേശുന്നു. ചാരായം

കേശ—(തുറന്നു നോക്കികൊണ്ടു്) [ആത്മഗതം] എഴുപത്തൊൻപതു രൂപാ ഒണ്ടു്. ബാക്കി പിന്നെത്തരാമെന്നു്. (ആനന്ദനോടു്) ആകട്ടെ, പിന്നെത്തന്നാൽ മതി.

സുര—അമ്മാവാ, സിഗ്രേററു് ഒന്നു എടുത്തുതന്നേ. (അമ്മാവൻ സിഗററു കൊടുക്കുന്നു)

ആന—എന്താ അമ്മാവാ, അതു കത്തിച്ചുകൊടുക്കാത്തതു്?

(അമ്മാവൻ കത്തിച്ചുകൊടുക്കുന്നു. എല്ലാവരും സിഗററു വലിക്കുന്നു. "ഗുഡ്ണൈററ് അമ്മാവാ" എന്നുപറഞ്ഞുകൊണ്ടു് അവിടെനിന്നും ഇറങ്ങി വീട്ടിലേക്കു പുറപ്പെടുന്നു)

[കർട്ടൻ]

## രംഗം 4.

[ആനന്ദഭവനം. ഹരിയും ജോസും ഇരുന്നു സംസാരിക്കുന്നു]

ഹരി—മിസ്റ്റർ ജോസ് എൻെറ ഉററമിത്രമാണെങ്കിലും ജ്യേഷ്ഠൻെറ ക്ലാസ്സ് മെയിററ് കൂടിയല്ലേ? അതുകൊണ്ടു് എനിക്കു് ഒരുപകാരം ചെയ്യണം?

ജോസ്—എന്തുപകാരമാണു്? പറയൂ.

ഹരി—ജ്യേഷ്ഠൻ ഒരു മുക്കുടിയനായിപ്പോയി. അച്ഛൻെറ അകാലമരണമാണു് ഇതിനൊക്കെ കാരണം. പിതാവിൻെറ അകാലനിര്യാണംമൂലം ഇന്നു് എത്രമാത്രം കണ്ണുനീരാണു് ഞങ്ങൾ കുടിക്കുന്നതു്! ജ്യേഷ്ഠൻ അമ്മയെ ഒട്ടും വകവയ്ക്കാതെയാണു പ്രവൎത്തിക്കുന്നതു്. അമ്മയോടു പറയുന്ന അസഭ്യവാക്കുകൾ വെറും വേലക്കാരിയോടുപോലും പറയുവാൻ നാം മടിക്കും. പഠിച്ചു B. A. പാസ്സായി. പക്ഷേ അതിൻെറ യാതൊരു ലക്ഷണവും ഞാൻ കാണുന്നില്ല. എതുനേരവും ചാരായഷാപ്പിൽ. അവിടത്തെ പതിവുകാരനാണു്. ചില ദിവസം മാനേജർ വന്നില്ലെന്നു വന്നേക്കും. എന്നാൽ ജ്യേഷ്ഠൻ അവിടെ എന്നും ഉണ്ടു്. ഈ കണക്കിനു് ഒരു ആറ മാസംകൂടികഴിഞ്ഞാൽ ഞങ്ങൾ പിച്ചപ്പാളയുമായി തെരുവീഥിയിൽ നടന്നലയുന്നതു കാണാം.

ജോസ്—നിങ്ങൾ പറയുന്നതു ശരിയാണു്. പക്ഷേ ഞാൻ എന്തുചെയ്യും? വെട്ടാൻവരുന്ന പോത്തിനോടു വേദമോതിയാൽ പ്രയോജനം വല്ലതും ഉണ്ടോ? വാസ്തവത്തിൽ ഞാൻ അദ്ദേഹത്തെ വളരെ സ്നേഹിക്കുന്നു. കാരണം, എൻെറ സഹപാഠിയാണു്. പക്ഷേ അദ്ദേഹത്തിൻെറ ജീവിതചൎയ്യകളെ ഞാൻ വെറുക്കുന്നു. ആനന്ദൻ നല്ലവനായിരുന്നു. കൂട്ടുകാരാണു് അയാളെ നശിപ്പിച്ചതു്. ഒരു കാലത്തു് ഇതിനു് അയാൾ പശ്ചാത്തപിക്കേണ്ടിവരും.

(അമ്മ പ്രവേശിക്കുന്നു.)

അമ്മ—മക്കളെ, ആനന്ദനെ കാണുന്നില്ലല്ലോ. രാവിലെ പോയതല്ലേ? നേരം സന്ധ്യമയങ്ങിയല്ലോ. ഒന്നുപോയി നോക്കു. (ദീർഘശ്വാസം വിട്ടുകൊണ്ടു്) ഹാ! പ്രസവിച്ചതു പാമ്പിൻെറ കുഞ്ഞിനെയായാലും വേലിയിലെങ്കിലും വച്ചുവളർത്താൻ അമ്മ നിർബന്ധിതയല്ലേ. പോയി നോക്കു്. കൂട്ടിനു് കൊല്ലാമതനെക്കൂടി കൊണ്ടുപൊയ്ക്കോ. (അമ്മ വിളിക്കുന്നു) എടാ കൊല്ലാമതാ, ("എന്തോ" എന്നു് അണിയറയിൽനിന്നു വിളികേൾക്കുന്നു) ഇങ്ങോട്ടൊന്നു വന്നേ. (കൊല്ലാമതൻ പ്രവേശിക്കുന്നു) ഹരിക്കു കൂട്ടായി നിനക്കു് ഒന്നു പോകരുതോ?

കൊല്ലാ—എവിടേയ്ക്കാ? ഏതിനും ഞാൻ തയ്യാറാണല്ലോ.

ഹരി—അമ്മേ, അണ്ണനെ എവിടെത്തിരക്കാനാണു്? വല്ല ചാരായഷാപ്പിലും ചെന്നുകയറാൻ എനിക്കു മടിയാണു്. മാത്രമല്ല, പിന്നെ അണ്ണൻ പറയുന്ന അസഭ്യങ്ങളാണെങ്കിൽ ഒന്നും പറയേണ്ട. ആ ഷാപ്പിലെ ലഹരിസാധനം ഏതു അശ്ലീലഭാഷയിലും അണ്ണനെക്കൊണ്ടു സംസാരിപ്പിക്കും. ഒരുപക്ഷേ അണ്ണൻെറകൂടെ നടന്നാൽ ഞാനും അത്തരക്കാരനായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു.

അമ്മ—മകനെ, നീ പറയുന്നതു ശരിയാണു്. പക്ഷേ മററുള്ളവർ അവനെ ആക്ഷേപിക്കുന്നതു നീ എങ്ങനെ സഹിക്കും? അവൻെറ സിരകളിൽക്കൂടി പ്രവഹിക്കുന്ന ജീവരക്തം തന്നെയല്ലേ നിൻെറ സിരകളിൽക്കൂടി പായുന്നതും. അച്ഛനില്ലാത്ത കുടുംബത്തിൻെറ തലവൻ തലമൂതിന്ന പുത്രനാണു്. ആ വഴിക്കു നീ നിൻെറ അച്ഛനോടു കാണിക്കേണ്ട ബഹുമാനം അവനു കൊടുക്കണം.

കൊല്ലാ—(അത്ഭുതത്തോടെ) അച്ഛനെപ്പോലെ ബഹുമാനിക്കണമെന്നു്! ഇതെങ്ങനെ സാധിക്കും? എനിക്കറിഞ്ഞുകൂടാ.

അമ്മ—അവൻ മദ്യപാനിയാകട്ടെ, സത്സ്വഭാവിയാകട്ടെ, നിൻെറ ജ്യേഷ്ഠനാണ്. ഒരുപക്ഷേ ജ്യേഷ്ഠനാണെന്നു പറയുന്നതിനു ലജ്ജതോന്നുന്നുണ്ടായിരിക്കും. സാരമില്ല. ഇതാണ് ഇന്നത്തെ ലോകം. അതുകൊണ്ടു ഞാൻ നിർബന്ധിക്കുന്നില്ല. എടാ കൊല്ലാമതാ, വരൂ, നമുക്കു പോയിതിരയാം. എങ്ങനെയായാലും അവനെ പത്തു മാസം ഉദരത്തിൽ ചുമന്ന ഞാൻ എങ്ങനെ ഇവിടെ കിടന്നുറങ്ങും?

കൊല്ലാ—അയ്യോ! അമ്മ ഈ രാത്രി പോണ്ടമ്മേ. കുഞ്ഞു പോരുന്നില്ലെങ്കി ഞാൻതന്നെ പൊക്കോളാം.

ഹരി—(സങ്കടത്തോടെ) അമ്മേ, ക്ഷമിക്കണം. ഞാൻ അണ്ണൻെറ ദുഷിച്ച നടപടികണ്ടു സങ്കടപ്പെട്ടു പറഞ്ഞു പോയതാണ്. ഒരിക്കലും അമ്മച്ചിയുടെ ഇഷ്ടം ഞാൻ നിറവേററാതിരിക്കയില്ല. ഞാൻ തെററുപറഞ്ഞിട്ടുണ്ടെങ്കിൽ എനിക്കു മാപ്പുതന്നാലും. ഇതാ പുറപ്പെടുന്നു. മിസ്റ്റർ ജോസ്, നിങ്ങൾ വരുന്നോ? എടാ കൊല്ലാമതാ, നീയും പോരൂ.

കൊല്ലാ—ശരിയാ, മൂന്നുപേരുടെ ഷേർ വലിയകുഞ്ഞു തട്ടിക്കാണും. അതുകൊണ്ടു മൂന്നുപേരുതന്നെ വേണം പിടിച്ചുകൊണ്ടുവരാൻ. (ആത്മഗതം) എൻെറ ദൈവമെ, കഴിഞ്ഞ ആഴ്ചയിലൊന്നു കുടിച്ചതാ, പിന്നെ ഇതേവരെ കുടിച്ചിട്ടില്ല. ഇപ്പഴും അതിൻെറ സ്പിരിററ് വിട്ടിട്ടില്ല.

[മൂന്നുപേരും പുറപ്പെടുന്നു പുറകുവശത്തുള്ള കർട്ടൻ പൊങ്ങുന്നു. ഒരു തെരുവീഥി. ആനന്ദനും സുഹൃത്തുക്കളും ഇരുന്നു വിശ്രമിക്കുന്നു. ആനന്ദൻ ഹരിയെ ദൂരെ കണ്ടു ഞെട്ടുന്നു]

ആന—നിങ്ങൾ ഒന്നും പറയരുത്. അനുജൻ വരുന്നുണ്ട്. നമ്മെ കണ്ടാൽ അവൻ തെററിദ്ധരിക്കും നാം മദ്യപിച്ചിട്ടുണ്ടെന്ന്. എന്തിനു വെറുതെ സംശയം കൊടുക്കുന്നു? എന്താ സുരേന്ദ്രാ?

സുരേ—എന്നാൽ ഞങ്ങൾ മാറിക്കളയാം. അതാണു നല്ലതു്.

(സുരേന്ദ്രനും ഷൺമുഖനും പോകുന്നു. ഹരിയും കൂട്ടുകാരും പ്രവേശിക്കുന്നു)

ഹരി—അണ്ണാ!

ആന—അല്ലടാ, നീ മോനെന്നു വിളി. അഭിമാനം ചതച്ചു തിന്നുന്ന അധമാ! (അടിക്കുവാൻ ഓങ്ങുന്നു; ഹരി മാറുന്നു, ജോസ് തടയുന്നു) എവിടയാടാ ഈ അസമയത്തു് രണ്ടു കൂട്ടുകാരുമായി എഴുന്നള്ളുന്നതു്? അല്ല, ഒന്നു കൊല്ലാമൃഗമാണോ? എന്താടാ നിനക്കും ഇതുതന്നെയോ ഉദ്യോഗം. അനുസരണ ഇല്ലാത്ത നായേ!

കൊല്ലാ—അതേ കുഞ്ഞേ! നായുടെ വേഷം കെട്ടിയില്ലേ. ഇനി കുരയ്ക്കാതിരിക്കാനൊക്കുമോ? (ആത്മഗതം) കണ്ടില്ലേ വാതി പ്രതിയാകുന്നതു്!

ഹരി—എന്തു വേണമെങ്കിലും ജ്യേഷ്ഠൻ പറഞ്ഞുകൊള്ളു. അതൊക്കെ ഞാൻ കേൾക്കേണ്ടവനാ. വാ, ഇനി നമുക്കു വീട്ടിൽ പോകാം. വല്ലവരും കണ്ടാൽ എന്തു വിചാരിക്കും. കഷ്ടം! (പിടിച്ചു സഹായിക്കുവാൻചെല്ലുന്നു; ആനന്ദൻ അവനെ തട്ടിനീക്കുന്നു)

ആന—എന്താടാ കഷ്ടം. എന്താ ഇവിട വല്ലവരും കുടിച്ചുകറങ്ങി കിടക്കുന്നോ മററുള്ളവരു കണ്ടു ചിരിക്കാൻ; അഥവാ, കുടിച്ചെങ്കിൽതന്നെ അതവൻെറ കാശൊന്നും അല്ല. എൻെറ കാശു്. അതെൻെറ ഇഷ്ടംപോലെ ചെലവാക്കും. ആരാടാ നീ അതു ചോദിക്കാൻ? (ജോസിനോടു്) എന്താ, അളിയനെന്താ പറയുന്നെ? ഇതിൽ ആരാണു തെററുകാർ? കുടിക്കുന്നവനോ, ചിരിക്കുന്നവരോ?

ജോസ്—തീർച്ചയായും ചിരിക്കുന്നവരാ. വാസ്തവത്തിൽ അവർ ചിരിക്കയല്ല വേണ്ടതു്.

ആന—അതെ. അങ്ങനെ പറയും. സാറാണ് വാസ്തവത്തിൽ ബുദ്ധിയുള്ളവൻ. (ഹരിയോട്ട്) എടാ ഹരി, നീ പോയേരെ. ഞാൻ റിക്ഷായിലങ്ങു വന്നേയ്ക്കാം.

കൊല്ലാ—അയ്യോ വേണ്ടങ്ങുന്നേ! കുഞ്ഞു വെറുതേ ഓടി ക്ഷീണിക്കയേ ഉള്ളൂ. വെറുതെ അകത്തിരിക്കുന്നവനു കാശും കൊടുക്കണം.

ആന—അതു ഞാൻ പരുവംപോലെ നോക്കിക്കൊള്ളാം. നീ ആരാടാ പട്ടീ, എന്നെ ഉപദേശിക്കാൻ?...ആട്ടെ, നടന്നുപോകാം.

ഹരി—അതാണ് ഈ നിലയ്ക്കു ശരീരത്തിനു പററിയതു്. അമ്മ അവിടെ കാത്തുനില്ക്കുയാണ്; വേഗം പോകാം.

ആന—ഷട്ടപ്പ് ഫെലോ. അമ്മ!-- എന്തിനാ ഉറങ്ങാതെ കാത്തിരിക്കുന്നതു്. ഞാൻ പറഞ്ഞിട്ടുണ്ട് തിരിച്ചു വരുന്നതെപ്പോഴാണെന്നു പറയാനൊക്കുകയില്ലെന്നു്. കാരണം, മനുഷ്യന്റെ ജീവൻ ക്ഷണഭംഗുരമാണ്. ഓടി പോകുമ്പോൾ വീണു മൃതിയടയുന്നില്ലേ. വെറുതെ മധുരസ്വപ്നം കണ്ടു് ഉറങ്ങികിടക്കുന്നവർ മൃതി അടയുന്നില്ലേ. തിന്നും കുടിച്ചും കൊണ്ടിരിക്കുന്ന എത്രപേർ കണ്ണടച്ചുപോയി. പിന്നെയാണോ ഈ നമ്മളൊക്കെ.

കൊല്ലാ—(ഹരിയോടു) കുഞ്ഞേ, കേട്ടോ ചേട്ടന്റെ പ്രസംഗം [പുറകിൽ കൈകൊണ്ടു കുടിക്കുന്ന ഭാവം കാണിച്ചുകൊണ്ടു്] ഇതൊക്കെ ഇതിന്റെ ഗാസാണ്. മൂത്ത കുഞ്ഞല്ല വത്തമാനം പറയുന്നതു്. അകത്തു കിടക്കുന്ന മൂത്ത അളിയനാ. ഇതിലൊക്കെ അടിയൻ കുറെ പഴകിയതാ. പിന്നെ അങ്ങു വിട്ടുകളഞ്ഞു. കാര്യം അതു നമ്മുടെ ശരീരത്തിനത്ര പററിയ സാധനമല്ല.

ആന—റാസ്കൽ! എന്തടാ നീ എന്നെ പറഞ്ഞതു് (കൊല്ലാമതനെ അടിക്കുന്നു.)

ജോസ്—(ആനന്ദനെ സ്നേഹഭാവത്തിൽ തോളിൽ പിടിച്ചുകൊണ്ടു്) മിസ്റ്റർ ആനന്ദൻ, താങ്കൾ മാത്രമേ ഉണ്ടായിരുന്നുള്ളോ അതോ.....

ആന—രണ്ടു അളിയന്മാരുണ്ടായിരുന്നു. അവർ വളരെ മോശം. ഞാൻ വിചാരിച്ചു നല്ല സ്വഭാവക്കാരാണെന്നു. പക്ഷെ അവർ മൂക്കററം മദ്യപിക്കും. എന്നെ വിളിച്ചു ഞാൻ പോയില്ല. അവർ പോയി കുടിച്ചു കറങ്ങുകയാണു്.

[കർട്ടൻ]

# രംഗം 5

[അമ്മ പൂമുഖത്തു ഒരു കസേരയിൽ ഇരുന്നു് അല്പം ഉറക്കം തൂങ്ങുന്നു, മൂവരും പ്രവേശിക്കുന്നു. അമ്മ എഴുനേൽക്കുന്നു.]

ആന—(ഹരിയെ പിടിച്ചു അമ്മയുടെനേരെ തള്ളികൊണ്ടു്) അമ്മേ; ഇതാ നില്ക്കുന്നു നിങ്ങളുടെ ഇളയ സന്തതി. അസമയത്തൊക്കെ പട്ടണം കറങ്ങുകയാണ്, വലിയ ഡിസ്ട്രിക്ട് കളക്ടരെപ്പോലെ. നല്ലവണ്ണം മര്യാദ പഠിപ്പിക്കണം. അല്ലാതെ വല്ലവരേയും കൊണ്ടു അതും ഇതും പറയിപ്പിക്കരുതു്. അല്ലെങ്കിൽ ഞാൻ അവനെ പഠിപ്പിക്കും. (എന്നു പറഞ്ഞു് അടിക്കുവാൻ ഓങ്ങുന്നു. ജോസ് കയറി പിടിക്കുന്നു.)

അമ്മ—ആനന്ദൻ വന്നോ? എടാ നിന്നെ കാണാതെ എങ്ങനെയാ ഞാൻ ജീവിക്കുന്നതു്.

ആന—ഞാൻ കുഞ്ഞാണോ. എന്നെ കാണാതെ ജീവിക്കയില്ലന്നു. എന്നാൽ പോരു് എൻെറ കൂടെ.

അമ്മ—നിൻെറ കാലുരണ്ടും ഉറപ്പിക്കാനാണു് ഞാൻ ഈ കഷ്ടപ്പെട്ടതൊക്കെ. പക്ഷേ, ഇന്നും നിൻെറ കാലു് ഉറ

ച്ചിട്ടില്ല. ഇനിയെന്നാ നിന്നെ നല്ലവനായി കാണു ന്നതു്. നിനക്കൊന്നും അറിയാൻ പാടില്ല. നിൻെറ അമ്മ എത്ര പാടുപെട്ടാണു് ഈ വിധത്തിൽ ഒക്കെ ആ ക്കിത്തീർത്തതു്.

ആന—(ഹാസ്യഭാവത്തിൽ) ഓഹോ, വളരെ പാടുപെട്ടുകാ ണും. നമ്മുടെ വേലക്കാരിയോളം ബുദ്ധിമുട്ടിയിട്ടു ണ്ടോ?

അമ്മ—നിൻെറ ആൾക്കാരും ബന്ധുക്കളും അന്നു എന്നെ സ ഹായിച്ചില്ല. കണ്ണുനീരും കൈയുമായാണു് നിന്നെ ഒക്കെ ഈ തരത്തിലാക്കിയതു്. ഇഷ്ടംപോലെ പഠി പ്പിച്ചു. എന്തിനു്? സ്വന്തം അമ്മയെ ചീത്ത പറ യാനായി. പത്തു മാസം ചുമന്നു വേദനിച്ചു പ്രസവി ച്ചു. എന്തിനു്? അമ്മയെ നികൃഷ്ടയെന്നു പറയിക്കാൻ. താരാട്ടുപാടി പാലൂട്ടി വളർത്തി, അമ്മയെ വേലക്കാരി യെന്നു വിളിക്കാൻ. തങ്കക്കുടമെന്നുംപറഞ്ഞു കവിൾ ത്തടത്തിൽ ചുംബിച്ചു ലാളിച്ചു, ഇന്നെൻെറ മുഖത്തടി ക്കുവാൻ. എൻെറ കുഞ്ഞേ നിനക്കു പകരം ഒരു ചെ ന്നായ്ക്കുട്ടിയെ പ്രസവിച്ചിരുന്നെങ്കിൽ എനിക്കു് ഇ ത്ര വിഷമിക്കേണ്ടിവരികയില്ലായിരുന്നു.

ആന—മതി മതി നിൻെറ ഉപദേശം. നാൺസെൻസ് എന്തൊരു കൺഫ്യൂഷനിതു്. വീട്ടിൽ വന്നാൽ ഒരേ ഒരുപദേശം. പുറത്തുപോയാൽ അവിടെ മറ്റൊരു ഉപദ്രവം. നിങ്ങൾ എന്നെ പ്രസവിക്കുവാനാരു പറ ഞ്ഞു? എൻെറ അനുവാദത്തോടുകൂടിയാണോ എന്നെ പ്രസവിച്ചതു്? ഇനി ഇവിടെ ശബ്ദം ഉണ്ടാക്കരുതു്. ശബ്ദമുണ്ടായാൽ ഞാൻ എൻെറ തനിനിറം കാണിക്കും. പോ, ശവം അകത്തു്.

അമ്മ—അതേടാ, നിൻെറ അച്ഛൻപോലും ഇത്തരത്തിൽ എന്നോടു സംസാരിച്ചിട്ടില്ല.

ആന—അതായിക്കോട്ടെ. ആനന്ദനിപ്പോൾ സംസാരിക്കാൻ സമയമില്ല. ഇനി വല്ലതും പറയാനുണ്ടെങ്കിൽ എഴുത്തെഴുതി അയച്ചേക്കു. ഗുഡ്നൈറ്റ്.

(ആനന്ദൻ പോകുന്നു.)

[കർട്ടൻ]

## രംഗം 6

(ആനന്ദമന്ദിരം. സമയം പ്രഭാതം. കൊല്ലാമതൻ ഒരു കെട്ടു ബീടിയുമായി പ്രവേശിക്കുന്നു.)

കൊല്ലാ—എടാ പപ്പോ, പപ്പുവേ. നീ എവിടയാടാ. അല്ല തോട്ടക്കാരനും കേറി മിനുങ്ങിയല്ലൊ. ഇനി അവനും കാറയസ്സുണന്നാ തോന്നണത്. എടാ പപ്പോ?

പപ്പു—എന്തോ, ഇതാവരുന്നേ. (പപ്പുവരുന്നു.)

കൊല്ലാ--എടാ, പപ്പൂന്നു വിളിച്ചാ വിളി തീരുന്നതിനു മുൻപ് ആളിവിടെ കാണണം. 'പ' എന്നു തൊടങ്ങുമ്പോ നീ അവിടന്നു തിരിച്ചിരിച്ചണം.

പപ്പു--അതു ചിലപ്പോൾ പട്ടിയെന്നാ പറയാൻ തുടങ്ങുന്നതെങ്കിൽ പിന്നെ ഞാനെന്തിനാ മെനക്കെടുന്നത്. (രണ്ടുപേരും ചിരിക്കുന്നു.)

കൊല്ലാ--നീ ഒരു കാര്യം അറിഞ്ഞോടാ?

പപ്പു--ഇല്ല. കൊല്ലൻ ചേട്ടൻ പറഞ്ഞാലല്ലെ ഈയുള്ളവനറിയൂ. അല്ലാതെ വല്ലോരും എന്നോടു പറയുമോ?

കൊല്ലാ--എടാ, കൊല്ലൻ ചേട്ടാന്നു വിളിക്കരുതെന്നു ഞാൻ പറഞ്ഞിട്ടില്ലെ. വല്യേമാൻ സിഗററ്റെന്നു

പറയും, അമ്മയും കൊച്ചുകുഞ്ഞും കൊല്ലാമതന്നെന്നു വിളിക്കും. മൂത്തകുഞ്ഞ് കൊല്ലാമൃഗമെന്നും വിളിക്കും. ഇപ്പോൾ നീ പറഞ്ഞതു ഞാൻ കൊല്ലനെന്നും. ഛരി. ചവമേ. സൂക്ഷിച്ചില്ലേ എൻെറ വിധം ഞാനെടുക്കും.

പപ്പു. പിന്നെന്തോന്നാ ഞാൻ വിളിക്കേണ്ടതു്?

കൊല്ലാ--എടാ എൻെറ പേരു് കൊല്ലാമതന്നെന്നല്ലേ. അപ്പോ നീ മാധുചേട്ടാ എന്നു വിളി.

പപ്പു--എന്നാൽ മാധുചേട്ടൻ പറയൂ.

കൊല്ലാ--സംഗതി ആകെ കുഴഞ്ഞു കിടക്കാ.

പപ്പു--എന്തോന്നാ, അമ്മ ഈ വീടു വിക്കാൻ പോവാണോ?

കൊല്ലാ--അല്ലടാ.

പപ്പു--പിന്നെന്താ; മൂത്തകുഞ്ഞിനു സംബന്ധകാര്യാണോ?

കൊല്ലാ--അയ്യാക്ക ഒന്നുമില്ലടാ.

പപ്പു--പിന്നാക്കാ. ഓഹോ, ഇളയ കുഞ്ഞിനോ?

കൊല്ലാ--തോക്കിൽ കയറി വെടി വയ്ക്കാതടാ. എങ്കി നീ തന്നെ പറ. [പപ്പുവിനെ തല്ലുവാൻ ഭാവിക്കുന്നു.]

പപ്പു--ചേട്ടാ ഇന്നു തല്ലല്ലെ. ഇന്നു നല്ലൊരു ദിവസമാ. കറുത്ത വാവല്ലെ. ഇന്നത്തടം കഴിഞ്ഞാൽ എന്നെ ഇഷ്ടംപോലെ തല്ലിക്കോ.

കൊല്ലാ--എടാ നമ്മുട മൂത്തകുഞ്ഞ് ഇവിടെനിന്നും പിരിയുന്ന ലക്ഷണമാ കാണുന്നതു്.

പപ്പു--എന്താ, ആഹാരം പിടിക്കുന്നില്ലേ?

കൊല്ലാ--ഛരീ. ഇടക്ക് കയറി സംസാരിക്കാതടാന്നു ഞാൻ നിന്നോടു ഒരിക്കെ പറഞ്ഞില്ലെ. ഇന്നലെ അയ്യാളും

അമ്മയും തമ്മിൽ ഒരു ചെറിയ, ഷോൾത്താ' നടന്നു. നല്ലവണ്ണം കുടിച്ചിട്ടുണ്ട്. ഞങ്ങൾ പോയി കൊണ്ടു വരുകയല്ലെ ചെയ്തത്.

പപ്പ--ശെയ് അമ്മയ്ക്കതിൻെറ ആവശ്യമില്ലായിരുന്നു. വേണമെങ്കി പപ്പ വാങ്ങി വീട്ടിൽ കൊടുക്കില്ലാന്നൊ? അതും ഈ വയസ്സുകാലത്ത്.

കൊല്ലാ--എടാ മരത്തലയാ. അമ്മയല്ല. മൂത്തകുഞ്ഞാ കുടിച്ചത്.

പപ്പ--ഓഹോ. മൂത്തകുഞ്ഞോ. ഇന്നലെ ഞാൻ പട്ടണം വരെ പോയിരുന്നു.

കൊല്ലാ--എന്തിനാ. കാറ വാങ്ങാനാണോ? ഞാൻ കഴിഞ്ഞ ആഴ്ചയിലൊന്നു പോയതാ പിന്നെ ഇതുവരെ പോയിട്ടില്ല.

പപ്പ--ഞാൻ പോയതു നമ്മുടെ പെണ്ണിനു ഇത്തിരി തുണിയെടുക്കാനാ. അങ്ങനെ ചെന്നപ്പം വഴിയിൽ കുത്തിരിക്കുന്നു, ആനന്ദകുഞ്ഞും രണ്ടു പോക്കിരികളും.

കൊല്ലാ--ആരാ അവരു്? (മുഷ്ടി ചുരുട്ടികൊണ്ട്) ഇന്നലെ കണ്ടു കിട്ടിയില്ല. അതിനു മുൻപ് ഓടികളഞ്ഞു. കണ്ടിരുന്നെങ്കിൽ ഓരോരുത്തൻെറയും വാരിയെല്ല നിവത്തി നട്ടെല്ല് ഊരി എടുത്തേനെ. ഒരിക്കൽ ഞാനെടുക്കും.

പപ്പ--ഒരുത്തൻ വാഴവീട്ടിലെ സുരേന്ദ്രൻ. മററെതു് നമ്മുടെ കടയിലെ മുതലാളിടെ ചേട്ടനാ.

കൊല്ലാ--അതാരു്? നെവീസാൻെറ കാക്കായോ? യെടാ അവനു ഇതിൻെറ വല്ല ആവശ്യമുണ്ടോ. വെറതെ മുഖത്തിൻെറ ഷേപ്പു മാറാനല്ലെ ഈ ഒരുക്കം.

പപ്പു--ചേട്ടൻ കേട്ടോ, എന്നിട്ട് ഇവന്മാരു് പറയുകയാണ് അളിയൻ ഉള്ള കാശു ഇങ്ങ് കയ്യിമേടിച്ചോന്നു്. പിന്നെന്തോക്കെ സായിപ്പിൻെറ ബാസയിലും പറഞ്ഞു. അതുണ്ടോ നമുക്ക തിരിയുന്നു.

കൊല്ലാ--എടാ പാപികളെ! എത്ര നല്ല കുടുംബമായിരുന്നു. ഈ ദാരിദ്ര്യവാസികൾക്ക് അടിയാണു കൊടുക്കേണ്ടതു്. ഞാൻ കഴിഞ്ഞയാഴ്ചയിൽ ഒരുത്തനെ തല്ലിയതാ, പിന്നെ ഇതേവരെയും ആരെയും തല്ലീട്ടില്ല. എൻെറ കൈയ് നന്നാ തരിക്കുന്നുണ്ടു്.

പപ്പു--അയ്യോ കൈവച്ചേക്കല്ലേ, ദോഷാ, പുളുവിനു് പാക്കേററിലിട്ടേക്കണം.

കൊല്ലാ--(അകത്തു ബഹളം) എടാ സമയമില്ല. അകത്തു ബഹളം കേൾക്കുന്നു. എന്താണെന്നു ചെന്നു നോക്കട്ടെ.

[പുറകിലത്തെ കർട്ടൻ പൊങ്ങുന്നു. ആനന്ദൻ കിടക്കയിലിരിക്കുന്നു. അമ്മ അടുത്തു നില്ക്കുന്നു.]

ആന--ഉറങ്ങി എഴുന്നൽക്കുമ്പോൾ Bed Coffee തരണമെന്നറിയാൻ പാടില്ലേ. എന്താ ഇനി അതും പറഞ്ഞു തരണമോ. ദിവസന്തോറും ഇവിടെ ഒരു പൈശാചികതാണ്ഡവമാണ് കാണുന്നതു്. ഇതിൻെറകത്തുനിന്നു ഇളഞ്ഞാൽ മതിയായിരുന്നു. വല്ലിടത്തും സമാധാനമായി കഴിയാമെന്നു വിചാരിച്ചാൽ അതും അനുവദിക്കയില്ല. എന്നാൽ ഇതിൻെറകത്താണെങ്കിൽ നരകം. എൻെറ ഈശ്വരാ ഇതെന്നവസാനിക്കും!

അമ്മ--അതേ മോനെ. നിൻെറ അച്ഛൻ മരിച്ചപ്പോൾ പകുതി വിഷമം തീൎന്നു. ഇനി ഞാനുണ്ടു്. എന്നെക്കൂടി കുഴിച്ചുമൂടിയാൽ പിന്നെ സ്വസ്ഥനാകുമെങ്കിൽ ഞാൻ ഇപ്പോൾ മാറിത്തരാം.

ആന--എന്നാലതു നേരത്തെ ആയിക്കൂടായിരുന്നോ. ഇനി ഞാൻ തന്നെ മാറിക്കൊള്ളാം. എൻെറ വീതം കിട്ടി

യാൽ മതി. എൻെറ തലയും കൊണ്ടു ഞാൻ ഉയിരു പിടിച്ചു കൊള്ളാം.

അമ്മ—എന്തു്? വീതമോ? എൻെറ പൊന്നുമകനെ, നിനക്കു് ഇവിടെ എന്തിൻെറ കുറവാണുള്ളതു്? നിനക്കു പണത്തിനു വല്ല കുറവുമുണ്ടോ? ഇതാ പിടിക്ക താക്കോൽ. അല്ല, നിൻെറ സ്വാതന്ത്ര്യത്തിൽ ഞാൻ കൈകടത്തിയോ? നീ സുഖലോലുപനായി നടക്കരുതെന്നു ഞാൻ ശഠിച്ചോ? പിന്നെ എന്തു കാരണം? പറയൂ. ദൈവമേ, എൻെറ മകനു നല്ലബുദ്ധി കൊടുക്കണേ.

ആന—ചുരുക്കിപ്പറഞ്ഞാൽ എനിക്കിവിടെ താമസിക്കാൻ ഇഷ്ടമില്ല.

അമ്മ—നീ എന്തിനാടാ ഇത്ര ചുരുക്കുന്നതു്? നീട്ടിത്തന്നെ പറയൂ. അതും ഒന്നു കേൾക്കട്ടെ.

ആന—സൂക്ഷിച്ചു വർത്തമാനം പറയണം. അല്ലെങ്കിൽ പിന്നീടു കരയേണ്ടിവരും.

അമ്മ—സൂക്ഷിച്ചു എന്താണു പറയേണ്ടതു്? നീ എന്തുചെയ്യും? തല്ലുമോ? അതുതന്നെ കാണട്ടെ. ഞാനിതാ നില്ക്കുന്നു.

ആന—വെറുതേ സംസാരിക്കാതെ. ഇനി അതും കണ്ടേ അടങ്ങൂ. മററൊന്നും വേണ്ടാ. എൻെറ വീതം തന്നേക്കൂ. ഞാൻ പോയിക്കൊള്ളാം.

അമ്മ—ധനംമാത്രമേ വീതിക്കാൻ സാധിക്കൂ മകനേ! പുത്രവാത്സല്യം കവിഞ്ഞൊഴുകുന്ന എൻെറ ഹൃദയം എങ്ങനെ ഭാഗിക്കും? പൊന്നുമോനേ, എന്താടാ നീ സ്തംഭിച്ചു നില്ക്കുന്നതു്? എൻെറ ഹൃദയം വിഭജിക്കുന്നതിനെക്കാൾ നല്ലതു് എന്നെ നീ വധിക്കുകയാണു്. എന്നിട്ടു് ഈ ധനം മുഴുവൻ എടുത്തുകൊള്ളൂ. ഉം, നടക്കട്ടെ. എന്തിനു ഭയപ്പെടുന്നു, ആരുമില്ല.

ആന—എന്നാൽ ഞാൻ പോവുകയാണ്. എനിക്കു പണവും വേണ്ടാ, വീടും വേണ്ടാ. എല്ലാം നിങ്ങൾതന്നെ അനുഭവിച്ചോളു. (പോകുവാൻ ഭാവിക്കുന്നു)

അമ്മ—ആനന്ദാ, നീ നില്ക്കൂ. നിനക്കു വേണ്ടത്ര പണം തരാം. കൊണ്ടുപോക്കൂ. പക്ഷെ, ഒരു കാര്യം നീ അറിഞ്ഞിരിക്കണം. നിൻെറ ധനത്തിൽ വളരുന്ന നിൻെറ കൂട്ടുകാരെ നീ ആപത്തുകാലത്തു കാണുകയില്ല.

ആന—എടാ കൊല്ലാമുഗം, കൊല്ലാമുഗം.

കൊല്ലാ—എന്തോ. (പ്രവേശിക്കുന്നു)

ആന—എടാ, വിളിച്ചാൽ വരുതോ? സ്റ്റുപ്പിഡ്. നീ എൻെറ പെട്ടിയും ബെഡ്ഡും ഒക്കെ കൊണ്ടുവരൂ.

കൊല്ലാ—ഒന്നു നിന്നാട്ടെ കുഞ്ഞേ, അഞ്ചാറു ബീഡിയുള്ളതും എടുത്തോട്ടെ.

ആന—അതേടാ; പുരയ്ക്കു തീപിടിക്കുമ്പോൾ വാഴവെട്ടാൻ നല്ല തരമാടാ. ചെല്ലെടാ, വേഗം.

കൊല്ലാ—കുഞ്ഞേ, ഇനി വെള്ളത്തിൽ ചാടി ചാകാൻ പറഞ്ഞാലും ഞാൻ ബീഡിയും കത്തിച്ചുപിടിച്ചേ ചാടൂ.

(അമ്മ ഒരുകെട്ടു നോട്ടു കൊണ്ടുകൊടുക്കുന്നു. അമ്മ ഏങ്ങിഏങ്ങിക്കരയുന്നു. തുണിത്തുമ്പുകൊണ്ടു മുഖം മറയ്ക്കുന്നു. ആനന്ദൻെറ കൈതട്ടി മേശപ്പുറത്തിരുന്ന ഫോട്ടോ താഴെ വീഴുന്നു)

കൊല്ലാ—കുഞ്ഞേ, വേഗമാകട്ടെ. ഏതായാലും ഒരു ദുശ്ശകുനമാ. ഇന്നു കറുത്തവാവും വെള്ളിയാഴ്ചയും കൂടിയാ.

(ആനന്ദൻ പോകുന്നു. കൊല്ലാമതൻ പെട്ടിയും ബെഡ്ഡും തലയിൽ വെച്ച് ആനന്ദനെ പിൻതുടരുന്നു)

അമ്മ(ആനന്ദൻ പോകുന്നിടത്തേക്കു നോക്കിനിന്നു കരയുന്നു) ദൈവമേ, എൻെറ കുഞ്ഞിനെ കൈവിടല്ലേ. അവനു നല്ലബുദ്ധി കൊടുക്കേണമെ.

[കർട്ടൻ]

# രംഗം 7

(ആനന്ദഭവനം. ഹരി ഓടിവരുന്നു)

ഹരി—അമ്മേ, അമ്മേ, (അമ്മ പ്രവേശിക്കുന്നു) ജ്യേഷ്ഠനെന്താ പെട്ടിയും കുടയുമായി ഗ്രീൻലാഡ്ജിൽ ചെന്നു കയറിയതു്? ഇവിടെനിന്നും താമസം മാററിയോ? വല്ല വഴക്കും ഉണ്ടായോ?

അമ്മ—മോങ്ങാനിരുന്ന നായുടെ പുറത്തു തേങ്ങാ വീണതു പോലെ, ഇന്നലെ നീ പോയി അവനെ വിളിച്ചുകൊണ്ടുവന്നതു രസിച്ചില്ല. ഇന്നു രാവിലെ എഴുന്നേററപ്പോളേ തുടങ്ങിയതാ വഴക്ക്. അവൻെറ വീതം കൊടുക്കണമെന്നു ശഠിച്ചു. ഞാൻ കഴിയുന്നത്ര അവൻെറ മനസ്സുമാററാൻ ശ്രമിച്ചു. അതു സാധിച്ചില്ല. പിന്നെ ഞാൻ അവൻെറ വീതവും കൊടുത്തയച്ചു.

(അമ്മ തുണികൊണ്ടു മുഖം പൊത്തിക്കരയുന്നു)

ഹരി—അമ്മ കരയേണ്ട; ഞാനില്ലേ അമ്മയ്ക്കു സഹായമായി.

അമ്മ—പെററതള്ളയാണെന്ന് ഓർക്കാതെ എന്നോടു ചിലതെല്ലാം അവൻ പറഞ്ഞു. അതോർക്കുമ്പോൾ എൻെറ ഹൃദയം പൊട്ടുന്നു. (കരയുന്നു. അല്പംകഴിഞ്ഞ്) അവൻ അറിവില്ലാതെ ചെയ്തുപോയി. ഈശ്വരാ, അവനു മാപ്പുകൊടുക്കണേ.

ഹരി—ഓഹോ, അപ്പോൾ അതങ്ങനെയുമായി. വാസ്തവത്തിൽ അണ്ണൻെറ കാര്യം ഓർക്കുമ്പോൾ എനിക്കും കരച്ചിൽ വരുന്നു. (കരയുന്നു)

(ജോസ് പ്രവേശിക്കുന്നു)

ജോസ്—എന്താ അമ്മയും മകനും കരയുന്നതു്? ആനന്ദനു വല്ലതും സംഭവിച്ചോ? അവൻ നിങ്ങളെ വല്ലതും ചെയ്തോ?

അമ്മ—ഡോക്ടർ അറിഞ്ഞില്ലായിരിക്കാം. അവൻ എന്നേയും കുഞ്ഞിനേയും വിട്ടുപേക്ഷിച്ചു. അവൻെറ വീതവുമായി കടന്നുകളഞ്ഞു.

ജോസ്—സാരമില്ല. ചെറുപ്രായമല്ലേ? കുറെ ചീത്തക്കൂട്ടുകാർ കാണും. അധികം താമസിയാതെ അവൻ ഒരു പാഠംപഠിച്ചു തിരിച്ചുവരും.

അമ്മ—എന്നാൽ ഒരു പെററതള്ളയോടു ഇങ്ങനെ പെരുമാറുവാൻ ഒരുവനു തോന്നുമോ? അവൻ എന്നോടു പറഞ്ഞ വാക്കുകൾ നിങ്ങൾ കേട്ടിരുന്നെങ്കിൽ...(കരയുന്നു)

ജോസ്—ഛേ! ഇന്നത്തെ ചെറുപ്പക്കാരിൽ ഭൂരിഭാഗവും ഇത്തരക്കാരാണ്. മനുഷ്യത്വത്തെ അവർ വെറുക്കുന്നു. വെറും ജഡികസുഖങ്ങൾമാത്രം അവർ ഇച്ഛിക്കുന്നു. ജീവിതം എന്തെന്ന് അവർ മനസ്സിലാക്കുന്നില്ല. ചെറുപ്പത്തിൽ മൃഗീയസന്തോഷങ്ങൾക്കായിമാത്രം അവർ ജീവിക്കുന്നു. ഏതായാലും കരയേണ്ട, കരഞ്ഞാൽ എന്താണു ഫലം? അവനു നല്ലബുദ്ധി ലഭിക്കുന്നതിനായി നമുക്കു ദൈവത്തോടു പ്രാത്ഥിക്കാം.

അമ്മ—അതേ. അങ്ങനെതന്നെ. ഡാക്ടറും അവനുവേണ്ടി പ്രാത്ഥിക്കണേ.

അമ്മ—(ഹരിയോട്) കുഞ്ഞേ, നീയെങ്കിലും ഈവിധത്തിൽ വഴിപിഴച്ചുപോകല്ലേ. നീമാത്രമാണ് ഇനി അമ്മയ്ക്ക് അവലംബം.

ഹരി—ഇല്ലമ്മേ. ഞാൻ അമ്മയെ ഒരിക്കലും വിട്ടുപോകയില്ല.

കൊല്ലാ—(പ്രവേശിക്കുന്നു) ഹോ! ഇങ്ങനെ ചുമടെടുത്താൽ തല കഷണ്ടിയായതുതന്നെ. കഷണ്ടിയ്ക്കും അസൂയയ്ക്കും ലോകത്തിൽ മരുന്നില്ല. അപ്പഴോ?

അമ്മ—(ഉല്ക്കണ്ഠയോടെ) എടാ, അവൻ എവിടെ ഇരിക്കയാ?

കൊല്ലാ—ആരു്, മൂത്ത കുഞ്ഞോ? നടുക്കതന്നെ ഇരിക്കയാ. ബാക്കി മൂന്നുപേരും ചുററിനും. ആഹാ! എന്തൊരു സ്ഥലം! അകത്തു കയറിയപ്പഴെ കാൽ വഴുതിവീണു. വിരാലിന്റെ പുറംകണക്കല്ലേ തറ. മോളിലാണെങ്കി കാററു കറക്കിവിടുകയല്ലേ? കരണ്ടിന്റെ പണിയേ. ഈശ്വരാ! അവിടെ കിടക്കുന്ന വീട്ടുസാമാനങ്ങളോ! കണ്ണാടികണക്കല്ലേ. അതുകണ്ടാൽ എങ്ങനെ ഇരിക്കും? ഞാൻ നിലത്താണിരുന്നതു്.

ഹരി—എടാ അതല്ല ചോദിച്ചതു്. ജ്യേഷ്ഠന്റെ കാൎയ്യമാ. നീ അധികമൊന്നും പറയേണ്ട. ചോദിച്ചതിനുമാത്രം മറുപടി പറഞ്ഞാൽ മതി.

കൊല്ലാ—ആരു് മൂത്തകുഞ്ഞോ? കുഞ്ഞു് ഇവിടെന്നു നടന്നല്ലേ പോയതു്. അവിടെ ചെന്നപ്പം ദാഹിച്ചു തളൎന്നുപോയി. പിന്നീടു് ഇപ്പം ദാഹം തീൎത്തോണ്ടിരിക്കാ. ഞാനാണെങ്കിൽ വിയൎത്തുപോയി. വെളിയിലാണെങ്കിൽ വെയിലിന്റെ ചൂടു്. ഉള്ളിലാണെങ്കിൽ ആത്മാവിന്റെ ചൂടു്. ഇപ്പം വെറും ബീഡിയിലും പൈപ്പുവെള്ളത്തിലും നില്ക്കയാണു് ഈയുള്ളോൻ.

ഹരി—എനിക്കൊന്നും കേൾക്കണ്ടാ. ഞാനൊട്ടു കാണാനും പോകുന്നില്ല. പണം തീരുമ്പോൾ താനേ ഇവിടെ വരും.

ജോസ്—അതുതന്നെ.

അമ്മ—മകനെ, പണം തീൎന്നുപോയാൽ അവൻ കാശില്ലാതെ വട്ടംതിരിയും. എന്നാലും അവൻ ഇവിടെ വന്നു ചോദിക്കത്തില്ല. ഈശ്വരാ, ഇതിനു ഞാൻ എന്തു പാപമാണു ചെയ്തതു്?

ജോസ്—മണി ഒൻപതു കഴിഞ്ഞതല്ലോ. എനിക്കിന്ന് ഒരു രോഗിയെ കാണ്മവാൻ പോകേണ്ടതുണ്ട്. ആകയാൽ ഞാൻ പോകട്ടെ. ഗുഡ്ബൈ, ഹരി.

ഹരി—ഗുഡ്ബൈ, ഡാക്ടർ. അമ്മ വിഷമിക്കാതിരിക്കു. എനിക്കു കോളേജിൽ പോകാൻ സമയമായി.

അമ്മ—ഞാൻ കാപ്പിശരിയായോ എന്നുനോക്കട്ടെ. (പോകുന്നു)

ഹരി—എടാ പപ്പു, എൻെറ ഷൂസ് ഒക്കെ ഒന്നു പാളീഷ് ചെയ്യേ. (ഷൂസ് കാലിൽനിന്നും ഊരി ഇട്ടുകൊടുക്കുന്നു) വേഗമാകട്ടെ.

(പപ്പു ചുവന്ന ഷൂസിൽ കറുത്ത പാളീഷ് ഇടുന്നു)

ഹരി—എടാ ഇഡിയററ്. ഇത്രയും കാലമായല്ലോ, ചുവപ്പും കറുപ്പും തിരിച്ചറിയാൽ വയ്യാ. എടാ, അതിൽ ചുവന്ന പാളീഷ് ഇടു. കാപ്പി കഴിഞ്ഞുവരുമ്പോൾ റെഡിയായിരിക്കണം.

(ഹരി പോകുന്നു. പപ്പു ഷൂസ് പാളീഷ് ചെയ്തുകൊണ്ടിരിക്കുന്നു)

പപ്പു—എന്നാലും ചേട്ടൻെറ നാക്ക് കരിനാക്കുതന്നെയാണല്ലോ. ഇന്നു പറഞ്ഞതു് അപ്പടിയേ ഫലിച്ചല്ലോ.

കൊല്ലാ—എടാ, കരിനാക്കം മററമല്ല. ഇതിനാണ് സ്ലൈക്കാളെജി എന്നു പറണതു്.

പപ്പു—നിക്കണെ. ഇപ്പം പറഞ്ഞതെന്തോന്നാ, മനസ്സിലായില്ല.

കൊല്ലാ—ഓഹോ, മനസ്സിലായില്ലാരിക്കും. ഞാൻ ഇംഗ്രീസിലാ പറഞ്ഞതു്. അതിൻെറ അത്ഥം തത്വചാസ്ത്രമെന്നാ.

പപ്പു—ഞാനതൊന്നും അത്ര വിശ്വസിക്കുന്ന കൂട്ടത്തിലല്ല. ഇതുകണക്ക് കഴിഞ്ഞ ആഴ്ചയിലെ, ഒരു തത്തശാസ്ത്രജ്ഞൻ,-രണ്ടു തത്തയുംകൊണ്ടു് ഇല്ലേയാലിൻെറ മൂട്ടിലിരിക്കുന്നവനേ,-അവൻ പറഞ്ഞു, എൻെറ മൂത്ത രണ്ടു കുഞ്ഞുങ്ങൾ മരിച്ചുപോയിട്ടുണ്ടെന്ന്. എനിക്കാണെങ്കിൽ ഇതേവരെ കുഞ്ഞുങ്ങളുണ്ടായിട്ടില്ല. എന്തൊരു തത്തശാസ്ത്രം! ആളുകൾക്ക് ഇതിനൊക്കെ കാശുകൊടുക്കാൻ തോന്നുന്നുണ്ടല്ലോ. ഇല്ലാത്തതൊക്കെ ഊഹിച്ചു പറയുന്നതിന്. പപ്പുന് ആ തത്ത ഇല്ലെങ്കിലും ഇതിലും നന്നായി പറയാം.

കൊല്ലാ—എടാ മറയാ, ഇതു തത്തചാസ്ത്രമല്ല; തത്വ, തത്വചാസ്ത്രം.

പപ്പു—അതു ശരിയായിരിക്കും. പിന്നെ വിശേഷമെന്തൊക്കെ ഉണ്ട്?

കൊല്ലാ—എടാ, അമ്മ നിന്നുകൊണ്ടല്ലേ ഞാനൊന്നും പറയാഞ്ഞത്. അവിടെ ചെന്നുചേന്നപ്പംതന്നെ മൂന്നു കുപ്പി വാങ്ങി.

പപ്പു—അയ്യോ! പാവി! സോഡാക്കുപ്പിയാണോ? അതു അകത്തുകിടന്നു പൊട്ടത്തില്ലേ? അന്ന് അതിൻെറ ഒരു ഗോലി ഉള്ളി പോയപ്പം ഞാൻ പെട്ടപാട് എനിക്കറിയാം.

കൊല്ലാ—ഇവനെക്കൊണ്ടു. മടുത്തു. മൂന്നുകുപ്പി ചാരായം അങ്ങു മോന്തീന്ന്.

പപ്പു—ഓ, അതു സാരമില്ല. (അല്പം കഴിഞ്ഞു്) അയ്യോ! എന്തോന്ന്, ചാരായമോ? എടാ പാവി, അതിനു ചായ വാങ്ങി കുടിക്കാഞ്ഞതെന്തു്?

കൊല്ലാ—എടാ കേളടാ. അവിടെ ചെന്നപ്പോ അവിടെ ഇതുകണക്ക മൂന്നുപേരു്. കുഞ്ഞിൻെറ സന്തോഷം ഒന്നും പറയേണ്ട. അവരെ കണ്ട ഉടനെ......

പപ്പു—അങ്ങു ചീത്തപറയാൻ തുടങ്ങി അല്ലേ?

കൊല്ലാ--അല്ല, പാട്ടുപാടാൻ തുടങ്ങി. പോടാ, പറഞ്ഞാലുംമനസ്സിലാകത്തില്ല. നിനക്ക് എരിയും പുളിയും തിരിച്ചറിയാമോടാ? പോടാ, പോയി ജോലിനോക്ക്. പോയി നിൻെറ തരക്കാരോടു സംസാരിക്ക്. പോടാ പോ.

[കർട്ടൻ]

# രംഗം 8

(സായാഹ്നവേള. ആനന്ദൻ, ഷൗക്കത്ത്, സുരേന്ദ്രൻ മുതലായവർ ഒരു ചാരായഷാപ്പിൽ ഇരുന്നു കുടിക്കുന്നു.)

ആന--അളിയാ, വാതൽ തുറക്കല്ലെ. വല്ലവരും നമ്മുടെ കൂടെ സ്വർഗ്ഗത്തു വന്നിരിക്കും.

സുരേ--(പാട്ടു പാടാൻ ആരംഭിക്കുന്നു.)

ആവാരാ ഹും ആവാരാ ഹും
ഹും ഗർദ് കിസീക ആസുമാനുകാ പ്യാരാഹും
ആവാരാ ഹും.

അളിയാ ഏതു പാട്ടാണു പാടേണ്ടതു് 'ആവാരായിലേതോ, അതോ അനാർക്കലിയിലേതോ?

ആന--വേണ്ടാ പബ്ളിക്ക് റോഡിൽ പാടാൻ പാടില്ല. നീ പാടിയാൽ തെററ്. ഞാമ്പാടാം.

(പാടുന്നു. മററുള്ളവർ കൂടെയും. നൃത്തം തുടങ്ങിയ പ്രകടനങ്ങൾ)

## ഗാനം

(ഹോഠിൽവാലെ ഠിൻക്കലെകാനാം എന്ന മട്ടു്.)

ഷൗക്കത്തുകാക്കാ ചാരായമങ്ങുള്ളിൽ ചെന്നാൽ ഭലെ ഭലെ
ഒന്നരക്കുപ്പിയങ്ങുള്ളിൽചെന്നാൽ ആനന്ദൻപിന്നെ വേറെ

സുരേന്ദ്രൻ ചേട്ടൻ ഒന്നങ്ങിട്ടാൽ പിന്നെ
അളിയൻ മൗനം താനേ ഷൗക്കത്തു്.
ഇൻസ്പെക്ടർ അല്ല പോലീസുവന്നാ അളിയൻ വാരിയെറിയും
ഭൂമിയിലുള്ള ഏതവനേയും ആനന്ദൻ വകവയ്ക്കത്തില്ല
ഷൗക്കത്തുകാക്കാ......

ബോയ്! കൊണ്ടു വരൂ. ഒരു മൂന്നു കുപ്പി. അസൽ. നല്ല ററിപ്പായിരിക്കണം.

ഷൗക്കത്തു്—ഒരു നാലു പ്ലേററ് കട്ട്ലേററ കൂടെ.

മധു—എനിക്ക ഒരു സോഡാകൂടി കൊണ്ടുപോരേ. തല കറങ്ങുന്നോ, അതോ നിങ്ങൾ കറങ്ങുന്നോ? ഇങ്ങനെത്തെ ആളുകളുണ്ടോ?

ഷൗക്കത്തു്--എന്താ അളിയൻ അങ്ങനെ പറയുന്നതു്?

മധു--പിന്നെന്തോപ്പറയാനാ. കഴിഞ്ഞ ആഴ്ചയിലെ നമ്മള് ഇത്തിരി കുടിക്കാമെന്നു കരുതി വെള്ളക്കടയിൽ കയറി ഒരു കോപ്പകൊണ്ടുവച്ചു. അപ്പോഴുണ്ടു രണ്ടു മാനത്തുകണ്ണൻ മത്സ്യങ്ങൾ കെടന്നോടുന്നു. അതുകൊണ്ടു കറിക്കാരന്റെ ജോലി തീന്നു. നമ്മള് ഇത്തിരി കറി മസാലയുമായി പോയാൽ സുഭിക്ഷമായി കറി ഉണ്ടാക്കി കുടിച്ചിട്ടു വരാം.

സുരേ--ആനന്ദൻ ഒന്നും വിചാരിക്കരുതു്. He is a barbarian Idiot. പാവം ഇച്ചിരി കുടിച്ചിട്ടുണ്ടു്. അതിന്റെ ലക്ഷണമാ.

ആന--എനിക്ക ചില കാര്യങ്ങൾ പറയാനുണ്ടു്. അതു നാളെ പറയാം. വാ, കിടന്നുറങ്ങാം.

കർട്ടൻ.

## രംഗം 9

(ആനന്ദൻ, സുരേന്ദ്രൻ, മധു, ഷൗക്കത്തു് ഇവർ കുശലപ്രശ്നം ചെയ്യുന്നു)

ആന--എൻെറ കൈയ്യിൽ ഉണ്ടായിരുന്ന പണത്തിൻെറ പകുതി പുറത്തായിരിക്കുകയാണു്. ഈ നില ഇനിയും സ്വീകാര്യമായി ഞാൻ കരുതുന്നില്ല. കഴിഞ്ഞ തവണത്തേയും കുതിരപ്പന്തയത്തിൽ ഞാൻ പരാജിതനായി. അങ്ങനെ അക്കണക്കിൽതന്നെ ഇന്നു 50000 രൂപ തകർന്നു തരിപ്പണമായി. അതുകൊണ്ടു്..............

സുരേ—അതിനു മിസ്റ്റർ ആനന്ദൻ എന്തു ചെയ്യുവാൻ പോകയാണു്? മരിക്കുവാൻ പോകുന്നോ? അതോ മരണത്തെ സ്വാഗതം ചെയ്യുവാൻ സ്ഥലം വിടാൻ നിശ്ചയിച്ചോ?

ആന--അതേ, ഇനിയും ഞാൻ ഇവിടെ കിടന്നാൽ ഇതിലും വഷളാകും. എന്നെ കണ്ടു ലോകം ചിരിക്കേണ്ട ഒരു കാലത്തേയ്ക്കു ഞാൻ കാലൂന്നും. അതിനു ഞാൻ ഇട കൊടുക്കയില്ല.

ഷൗക്ക---ഇതെന്തു ഭ്രാന്തു്; ഇതാരു പറഞ്ഞു? അതു ഞമ്മ അനുവദിക്കുമോ? വാ ഗ്രീൻ ലാഡ്ജിൽ പോകാം.

ആന—വരട്ടെ, ഞാൻ ഇന്നു ബോംബെവരെ ഒന്നു പോകണമെന്നു നിശ്ചയിച്ചു കഴിഞ്ഞു. അവിടെ എൻെറ ഒരു Intimate friend എനിക്കു ഒരു ജോലി തരാമെന്നേററിട്ടുണ്ടു്. അതു കയ്യിലാക്കിയിട്ടു തിരിച്ചുവരാം.

മധു---രണ്ടായാലും പണം വളരെ സൂക്ഷിക്കണം. മുഖം മൂടികൾ മനുഷ്യത്വത്തെ മറന്നു പ്രവർത്തിക്കുന്നതായി ഞാൻ ഈയിടെ കേട്ടു. അതുകൊണ്ടു്, be careful.

സുരേ--അതേ, അതു നേരാണ്.

ആനന്ദ--അതു ഞാൻ സൂക്ഷിച്ചുകൊള്ളാം. അപ്പോൾ Good bye. (ആനന്ദൻ പിരിയുന്നു. മൂന്നുപേരും കുല കഷമായി ചിന്തിക്കുന്നു.)

സുരേ--ഹസെ മധു, താൻ വിചാരിച്ചാൽ ഒരു പണി പററിയ്ക്കാം. (എന്തോ ചിലതു രഹസ്യമായി ചെവിയിലോതുന്നു. അതു മററിരുവരും നമ്രശിരസ്കരായി സമ്മതിക്കുന്നു) എന്നാൽ വേഗം ആകണം ഇനി സമയം കളയരുതു്. ( എല്ലാവരും എഴുന്നേററു ഓടുന്നു)

കർട്ടൻ.

# രംഗം 10

(ബോംബെ റയിൽവേസ്റ്റേഷൻ, ആനന്ദൻ ഒരു സൂട്ട്കെയിസുമായി പ്രവേശിക്കുന്നു.)

ആന--(ആത്മഗതം) ഇനി ബസ് വരുവാൻ 8 മണിക്കൂറുണ്ടു്. ഇപ്പോൾ 2-15 ആയതേ ഉള്ളു. ഏതായാലും ഇവിടത്തന്നെ കിടക്കാം.

സൂട്ട് കെയിസ് തലയിൽവച്ചിട്ടു ഉറങ്ങുന്നു. മൂന്നു മുഖം മൂടികറം പ്രവേശിക്കുന്നു. സൂട്ട് കെയിസും മണിപേഴ്സും മോഷ്ടിക്കുന്നു. മറയുന്നു. ആനന്ദൻ എഴുന്നേററു സൂട്ട്കെയിസും മണിപേഴ്സും നോക്കുന്നു. കാണാതെ വിഷമിക്കുന്നു.)

ആന--ഇനി എന്താണാലംബം. എനിക്കു ജോലി നല്കാമെന്നു പറഞ്ഞ സഖാവിനെ അന്വേഷിക്കട്ടെ. കണ്ടുകിട്ടിയാൽ ഭാഗ്യം.

(ആനന്ദൻ പോകുന്നു.)

(കർട്ടൻ)

# രംഗം 11

(മധു, സുരേന്ദ്രൻ, ഷൗക്കത്തു് എന്നീ സഖാക്കറം പ്രവേശിക്കുന്നു.)

മധു––ഏതായാലും തരക്കേടില്ല. നമ്മുടെ പണി കണക്കിനു പററി. ഇത്ര മാത്രം പണം ഒരു ഞൊടിയിടകൊണ്ടു നമ്മുടെ സ്വന്തമായിത്തീൎന്നു. എന്താ ഇനി നമുക്കു സുഖിക്കരുതോ?

സുരേ—അല്ലാതെ പിന്നെ എന്തിനു പോകുന്നു? സുഖിക്കണം. അതേ, മതി വരുവോളം സുഖിക്കണം.

ഷൗക്കത്തു്––പക്ഷേ ഞമ്മൾ ഒരു കാര്യം ഓൎക്കണം. ആനന്ദൻ ഉമ്മയെപ്പോലും ഉപേക്ഷിച്ചുകൊണ്ടു ഞമ്മളെ സ്നേഹിച്ചു. ഇങ്ങനെ ഞമ്മൾ ചെയ്തതു് വലിയ കട്ടംകൈയല്ലേ; നന്ദികേടതയല്ലേ? അവൻ ഇപ്പോൾ സങ്കടപ്പെട്ടു വലയുകയായിരിക്കും. ജോലി കൊടുക്കാമെന്നു പറഞ്ഞ ആളെ സമയത്തിനു കണ്ടാൽ ഭാഗ്യം. അല്ലെങ്കിൽ പട്ടിണിക്കു ചീട്ടും വാങ്ങി തെക്കുവടക്കു നടക്കേണ്ടി വരും.

മധു––ഓ, ഒരു നീതിമാൻ; ഉററ സ്നേഹിതൻ! പോടാ, അവന്റെ കൂടെ പൊയ്ക്കോ നീ. അമ്പടാ, അവന്റെ അനുകമ്പ! എടാ, അവൻ തന്നെ അവന്റെ അമ്മയെ സങ്കടസാഗരത്തിൽ താഴ്ത്തീട്ടല്ലേ ഇതെല്ലാം കരസ്ഥമാക്കിയതു്. അപ്പോൾ നിന്റെ ഈ അനുകമ്പ എവിടെയായിരുന്നു. അമ്മയെ കരയിച്ചതിന്റെ ഫലം അവനും അനുഭവിച്ചു നോക്കട്ടെടാ.

ഷൗക്കത്തു്––അവന്റെ ഉമ്മാക്കു സങ്കടമുണ്ടെങ്കിലും ഈ പണത്തിന്റെ അവകാശി ആനന്ദൻ തന്നെയാണല്ലോ. എന്നാൽ ഞമ്മൾ അക്രമം കാണിച്ചു പണം പിടുങ്ങിയതു അത്ര ശരിയല്ലെന്നാ ഞമ്മനു തോന്നുന്നതു്.

സുര––ഓഹോ! ഇയാൾ ഇപ്പോൾ ഹരിശ്ചന്ദ്രനാകാൻ പോകയാ. എടോ അങ്ങനെയാണെങ്കിൽ തനിക്കു ഇതിൻെറ വീതം വേണ്ടല്ലോ. താൻ ഞങ്ങളെ ഒററിക്കൊടുക്കരുതു്.

ഷൗക്കത്തു്––കൊള്ളാം കൊള്ളാം! ഞമ്മ സത്യാവസ്ഥ പറഞ്ഞേന്നു കരുതി ഈ വമ്പിച്ച തുക നിങ്ങൾ തന്നെ വീതിച്ചെടുക്കാൻ ഞമ്മൻ സമ്മതിക്കുമോ? ഞമ്മനും കിട്ടണം തുല്യാവകാശം.

(മൂന്നു പേരും ഇരുന്നു സിഗററു് വലിക്കുന്നു)

(ആനന്ദൻ സ്റ്റേജിൽ വ്യസനഭാവത്തിൽ പ്രത്യക്ഷപ്പെട്ടു ഒരു കോണിൽ നിന്നുകൊണ്ടു്.)

---

ആന––ഹാ മണിമേടയിൽ സുഖലോലുപനായി ജീവിച്ച് സഹചരന്മാരുമായി വിഹരിച്ച ഞാൻ ഇന്ന് എങ്ങനെ ഒററച്ചാൺ വയറു നിറയ്ക്കാൻ ബുദ്ധിമുട്ടുന്നു. വിശപ്പു സഹിക്കവയ്യ. ജോലി തരാമെന്നു പറഞ്ഞ ആളിനെപ്പോലും ഇതേവരെ കണ്ടുകിട്ടിയിട്ടില്ല. ഹാ! ജഗദീശാ ഞാൻ എത്രമാത്രം കഷ്ടപ്പെടുന്നു. ഇനി എത്രമാത്രം കഷ്ടപ്പെടണം. ഇതെല്ലാം സംഭവിച്ചതു്, എൻെറ അമ്മയുടെ ആ സാന്ത്വന വാക്കുകളെ അവഗണിച്ചതിൻെറ ഫലമല്ലേ. പെററമ്മയുടെ വാക്കിനെ തൃണവൽഗണിച്ചു വീതവും വാങ്ങി പുറപ്പെട്ട എൻെറ ഇന്നത്തെ നില നോക്കുക. പണം കൈവശം ഇരുന്നപ്പോൾ ഇയ്യാമ്പാററ കണക്കേ സഖാക്കൾ ചുററും കൂടി, അതു തീന്നപ്പോൾ........

(സ്റ്റേജിൻെറ മദ്ധ്യത്തിൽ വന്നുകൊണ്ടു് ഉള്ളിലേക്കു നോക്കുമ്പോഠം മൂന്നുപേരെ കാണുന്നു. അടുത്തു ചെന്നു സൂക്ഷിച്ചു നോക്കുന്നു. മൂവരും ആളിനെ മനസ്സിലാക്കുന്നു)

(പരസ്പരം എല്ലാവരും Good morning പറയുന്നു.)

മധു––അല്ല, ഇതാരു്? നമ്മുടെ ആനന്ദൻകുട്ടിമാസ്റ്ററല്ലേ; കണ്ടിട്ടു മനസ്സിലായില്ലല്ലോ. ഇപ്പോൾ എവിടെയാ

ണദ്യോഗം? ഉദ്യോഗം കിട്ടിയപ്പോൾ ഞങ്ങളെയെല്ലാം വേണ്ടെന്നുവച്ചു, അല്ലേ? ഞങ്ങൾ അങ്ങയെ അന്വേഷിച്ചു് ഇങ്ങോട്ടു പുറപ്പെട്ടതാ. അങ്ങയെക്കൂടാതുള്ള ഞങ്ങളുടെ ജീവിതം വെറും ബോർതന്നെ. അന്നു യാത്രപറഞ്ഞു പിരിഞ്ഞതിൽപിന്നെ ഇന്നുവരെ ആനന്ദം അനുഭവിച്ചിട്ടേയില്ല. എന്തായാലും ഒരെഴുത്തുപോലും ഞങ്ങൾക്കയച്ചില്ലല്ലോ.

ആന——എന്തു ചെയ്യാം. അന്നത്തെ യാത്ര സുഖപ്രദമായിരുന്നു. പക്ഷെ ബോംബെയിൽ വന്നിറങ്ങികഴിഞ്ഞപ്പോൾ —ഹാ! അതു ഞാൻ എങ്ങനെ പറയും?

സുരേ——എന്തു്! എന്തുപററി?

(അവർ അത്ഭുതഭാവത്തിൽ കണ്ണുമിഴിച്ചു നില്ക്കുന്നു)

ആന——അല്പം വിശ്രമിച്ചു. ആരോ ശത്രുക്കൾ (അവർ പരിഭ്രമിക്കുന്നു) പണവും സൂട്ട്കെയിസും അപഹരിച്ചു. ഞാൻ ഉണൎന്നുനോക്കിയപ്പോൾ ഒന്നുമില്ല. പിന്നത്തെ കാൎയ്യം നിങ്ങൾതന്നെ ചിന്തിക്കുക.

(വികാരം അടക്കി)

മധു——അയ്യോ, അതു കഷ്ടമായിപ്പോയല്ലോ. അന്നു ഞങ്ങൾ പ്രത്യേകം പറഞ്ഞതല്ലേ മുഖംമൂടികളുടെ തന്ത്രങ്ങളെപ്പററി.

ആന——അതേ, എന്നാൽ ഇങ്ങനെ വരുമെന്നു വല്ലവരും വിചാരിച്ചോ? എല്ലാം ഈശ്വരചിത്തം. ജോലിതരാമെന്നു പറഞ്ഞ സഖാവിനെയെങ്കിലും കണ്ടെങ്കിൽ തരക്കേടില്ലായിരുന്നു.

മധു——അപ്പോൾ അയാളെ കണ്ടില്ലേ? നിങ്ങൾ വരുമെന്നു പറഞ്ഞ ദിവസം നിങ്ങളെ അയാൾ പ്രതീക്ഷിക്കേണ്ടതായിരുന്നു. ഒരുപക്ഷേ ഇതയാളുടെ ചതിവായിരിക്കുമോ?

ഷൗക്ക--(ഒരുഭാഗത്തോട്ടു മാറി) നോക്കണേ, ഏടാകൂടത്തിൽ നിന്നും രക്ഷപെടാൻ നിർദ്ദോഷികളെ കുററവാളികളാക്കാൻ ചെയ്യുന്ന വിദ്യ! അള്ളാവടച്ചോനെ, ഇവരോടൊത്തുചേരാനും ഇടയായല്ലോ. (അല്പം ആലോചിച്ചിട്ട്) വേണ്ടാ, ഞമ്മ ഒന്നും പറയാതിരിക്കയാ ഭേദം.

ആന--എനിക്കങ്ങനെ ആരേയും സംശയമൊന്നുമില്ല. ഒന്നുതിട്ടം. എൻെറ ചരിത്രം അറിയാവുന്ന ആരുടെഎങ്കിലും പ്രേരണ ഇതിൽ ഉണ്ടെന്നുള്ളതിനു പക്ഷാന്തരമില്ല.

(ഷൗക്കത്ത് അത്ഭുതപ്പെട്ട് മററുള്ളവരെ നോക്കുന്നു)

മധു--ഒരു പൈസായും കയ്യിലില്ലാതെ നമ്മൾ എല്ലാവരും ഒന്നിച്ചു പുററിത്തിരിഞ്ഞു നടക്കുന്നതു നല്ലതല്ല. നിങ്ങൾക്കാരോ ജോലിതരാമെന്നു വാഗ്ദത്തം ചെയ്തിരിക്കുന്ന സ്ഥിതിയ്ക്ക് അതു കരസ്ഥമാക്കുകയാണു വേണ്ടത്. മാത്രമല്ല, നമ്മളെല്ലാം ഇങ്ങനെ അലഞ്ഞുതിരിഞ്ഞു നടക്കുന്നതു കാണുമ്പോൾ അക്രമികളെന്നു ധരിച്ചു പോലീസ് പിടികൂടും.

ആന--നിങ്ങളുടെ സദുപദേശത്തിനു നമസ്കാരം. ഞാൻ നിങ്ങൾക്കും ഒരു ഭാരമായിത്തീരണമെന്ന് ആഗ്രഹിക്കുന്നില്ല. എൻെറ സഖാവിനെ അന്വേഷിച്ച് ഒന്നുകൂടി പുറപ്പെട്ടിരിക്കുകയാണ്. ഇവിടെവച്ചു നിങ്ങളെ ഒരിക്കൽകൂടി കാണാൻ ഇടവന്നതിൽ സന്തോഷം. ഞാൻ പോകട്ടെ. Good bye.

മൂവരുംകൂടി---Good bye.

(ആനന്ദൻ പോകുന്നു)

മധു--ഇന്ന് ഈ പണം നമ്മുടെ കൈവശമാകാൻ പ്രധാനകാരണക്കാരൻ ഞാനാണ്.

സുരേ--അതെങ്ങനെയാ, ഞാൻ അപ്രകാരം ചെയ്തില്ലായിരുന്നെങ്കിൽ ഈ പണം എങ്ങിനെ കിട്ടും?

ഷൗക്ക--പ്ലാൻപറഞ്ഞ ആളും എടുത്ത ആളുംതമ്മിൽ തക്കം. എന്നാൽ ധൈര്യമൊന്നില്ലെങ്കിൽ എടുക്കാൻ സാധിക്കുമോ? അയാളുടെ അടുത്തു ശ്വാസംപോലും വിടാതെ ധൈര്യമായി നിങ്ങളെ കാത്തുനിന്നതു ഞമ്മനല്ലേ? അപ്പോൾ ഞമ്മനിക്കോ?

മധു--അതെ, അതെ. തൻെറ ധൈര്യം അവൻ വന്നപ്പോൾ ഞങ്ങൾ കണ്ടതാ. നീ കുലത്തിൽകുത്തുമെന്നാ ഞങ്ങൾ വിചാരിച്ചതു്.

സുരേ--ഇയാളുടെ കാര്യത്തിൽ എനിക്കു ഭയമാണുള്ളതു്. ഏതുസമയത്തും ചതിച്ചേക്കാനിടയുണ്ടു്.

ഷൗക്ക--അപ്പോൾ ഞമ്മൻ ചതിയൻ; കൊള്ളാം, കൊള്ളാം നിങ്ങൾക്കു ഞമ്മൻെറ വീതംകൂടി തട്ടണമെന്നായിരിക്കാം. അതു നടപ്പില്ല. ഒപ്പം വീതിക്കണം. വെറുതെ വിട്ടുമെന്നു കരുതേണ്ടാ.

സുരേ—എന്തു? നടപ്പില്ല! ഈ ചെപ്പടിവിദ്യയുംകൊണ്ടു വന്നാൽ നിന്നെ കാച്ചിക്കളയും.

ഷൗക്ക—താൻ എത്രപേരെ കാച്ചിയിരിക്കുന്നു! വെറും മരത്തലയൻ.

സുരേ—ആരെടാ മരത്തലയൻ. നിൻെറ ബാപ്പായാ മരത്തലയൻ.

ഷൗക്ക—ബാപ്പാനേയും ഉമ്മായേയും പറഞ്ഞാൽ ഞമ്മൻ നിൻെറ കുടൽമാല എടുത്തു ഞമ്മൻെറ കഴുത്തിലിടും.

സുരേ--എന്നാൽ കാണട്ടെടാ. നിൻെറ വീതം വാങ്ങടാ നായേ.

(ആഞ്ഞടിക്കുന്നു. വീഴുന്നതോടെ ഇരുവരും ചേർന്നു പ്രഹരിക്കുന്നു. രക്തം ഒഴുകുന്നു. പെട്ടെന്നു ഓടിപ്പോകുന്നു.)

(ആനന്ദൻ അതിലെ വരുന്നു. ശവം കണ്ടു ഭയപ്പെടുന്നു.)

ആന——അല്പം മുമ്പേ ഞാൻ ഇതിലേ പോയപ്പോൾ പ്രശാന്തസുന്ദരമായിരുന്ന ഈ സ്ഥലത്തു ഇപ്പോളിതാ ഒരു ശവം! അല്ലാ രക്തത്തിൽ മുങ്ങികിടക്കുന്നല്ലോ.

(അടുത്തുചെന്നു നോക്കുന്നു ആളെ മനസ്സിലാക്കി നെഞ്ചത്തടിച്ചുകൊണ്ടു്)

ഇതാരുടെ ശരീരമാണീശ്വരാ, ഞാനീകാണുന്നതു്? അയ്യോ, ഇതെൻെറ പ്രിയപ്പെട്ട ഷൗക്കത്താലിയുടെ ശരീരമാണല്ലോ. പ്രിയ സുഹൃത്തേ, എന്തു സംഭവിച്ചു. മററിരുവരേയും കാണുന്നുമില്ലല്ലോ. ഒരു പക്ഷേ അവരിൽനിന്നും നേരിട്ട ആപത്തായിരിക്കാം.........ഓ, ഇല്ല. അവർ ഇങ്ങനെ ചെയ്യുകയോ. ഒരിക്കലുമില്ല... എന്നാൽ എന്തു ചെയ്യാൻ സാധിക്കും രക്തപ്പുഴയിൽ കുളിച്ചു കിടക്കുന്ന ശവത്തിനു കൂട്ടനില്ക്കുകയോ...ഓ അതു പാടില്ല. ആപത്തു സ്വയം വരിക്കയാണ് ചെയ്യുന്നതു്. ബഹുജനം എന്നെ കൊലപാതകൻ എന്നു താറടിക്കും. വേഗം പോകാം, അല്ലാതെ രക്ഷയില്ല.

(നാലുപാടും നോക്കി ഓടിപ്പോകുന്നു.)

[കർട്ടൻ]

# രംഗം 12.

(ആനന്ദൻ സ്റ്റേജിൻെറ ഒരു ഭാഗത്തു ദുഃഖിതനായി നിന്നുകൊണ്ടു്).

ആന—ഇനിയും അയാളെ അന്വേഷിച്ചു കണ്ടുപിടിച്ചു ജോലി വാങ്ങാമെന്നു വിചാരിക്കേണ്ടാ. നടന്നു നടന്നു ക്ഷീണിച്ചു. വിശപ്പു സഹിക്ക വഹിയാ. (ഇരിക്കുന്നു.) ഇനി നടക്കുവാനും ശക്തിയില്ല. "പണത്തിനു മീതെ പരുന്തും പറക്കും" എന്നു പറഞ്ഞിട്ടുള്ളതു് എത്ര വാസ്തവം. അന്നൊക്കെ എത്ര പേരാണ് എന്നെ പൊക്കിക്കൊണ്ടു നടക്കാൻ. ഈ നഗരത്തിൽ വന്ന ഉടനെ എൻെറ പണാപഹരണം, ഷൗക്കത്താലിയുടെ മരണം. ഈ സാഹചര്യങ്ങളെപ്പററി ആലോചിച്ചുനോക്കുമ്പോൾ നിശ്ചയമായും എൻെറ മൂന്നു സ്നേഹിതന്മാർക്കു ഇതിൽ കയ്യുണ്ടെന്നാണ് എൻെറ ബലമായ സംശയം. ഞങ്ങളുടെ സന്ദർശനവേളയിലെ സംഭാഷണത്തിൽ പണം കാണാതെപോയതിനെപ്പററി പറഞ്ഞപ്പോൾ അവരിൽ കണ്ട ഭാവപ്പകർച്ചകൾ എൻെറ സംശയത്തെ വർദ്ധിപ്പിക്കുന്നു. ഒരുപക്ഷേ പണത്തക്കംമൂലമായിരിക്കാം ഷൗക്കത്താലി ഈവിധം മൃതനായതു്. ഇതെല്ലാം ഓർത്തിട്ടു് എൻെറ ഹൃദയം തകരുന്നു. (അല്പനേരം കരഞ്ഞുകൊണ്ടു്) "മാതൃവചനം ശ്രവിക്കാത്തോർക്കു പെരുവഴിയാധാരം". ഈ തത്വം എന്നെസംബന്ധിച്ചു് എത്രമാത്രം അർത്ഥവത്തായിരിക്കുന്നു. (അല്പം കഴിഞ്ഞു്) എന്തിനിനി അതുംഇതും പറഞ്ഞു സമയംകളയണം? പ്രസിദ്ധിയാർന്ന ഈ ബാംബെനഗരത്തിലുള്ള വല്ല കടകളിലെങ്ങാനും വല്ല ജോലിയും കിട്ടുമോയെന്നു നോക്കാം. കിട്ടുന്നെങ്കിൽഭാഗ്യം. ജോലിചെയ്തു പരിചയിച്ചിട്ടില്ലാത്ത ഈ ബിരുദധാരിക്കു് ജോലികിട്ടിയാൽതന്നെയും അതു ശരിയായി നിർവ്വഹിക്കുവാൻ സാധിക്കുമോ?

(ചുററുപാടും നോക്കുന്നു)

അതാ കാണുന്നു വലിയ ഒരു ഷാപ്പ്. അങ്ങോട്ടു ചെല്ലട്ടെ.

(കടയിലേക്കു ചെല്ലുന്നു. മാനേജരെ കണ്ടു വന്ദിക്കുന്നു)

ആന—(ആദരവോടെ) Good Morning, Manager.

മാനേജർ—Good morning.

ആന—അങ്ങയുടെ സന്മനസ്സിനെ ആശ്രയിച്ചുമാത്രമേ ഈ നിസ്സഹായൻെറ ജീവിതം മുമ്പോട്ടു പോകുവാൻ സാധിക്കൂ. അതിനാൽ ദയവുചെയ്തു് അങ്ങയുടെ ഷാപ്പിൽ ഒരു ചെറുശമ്പളത്തിൽ കുറച്ചു നാളത്തേയ്ക്കെങ്കിലും എന്നെ നിയമിക്കണമെന്നു് താഴ്മയായി അപേക്ഷിച്ചു കൊള്ളുന്നു.

ഒട്ടേറെ രൂപയുംകൊണ്ടാണു് ഞാൻ ഈ പട്ടണത്തിൽ വന്നിറങ്ങിയതു്. ബസ് കാത്തു കുറേസമയം wait ചെയ്യേണ്ടിവന്നു. ആ സമയം ക്ഷീണംകൊണ്ടു ഗാഢനിദ്രയിലാണ്ടുപോയി. ആ തക്കംനോക്കി ആരോ അക്രമികൾ വന്നു പെട്ടിയും പണവും കൈവശപ്പെടുത്തി മറഞ്ഞുകളഞ്ഞു. രക്ഷാമാർഗ്ഗം വേറെയില്ല. ഞാൻ കഴിഞ്ഞ വർഷത്തിലാണു് B A പാസ്സായതു്.

മാനേ—ഓഹോ, നിങ്ങൾ ഡിഗ്രി കരസ്ഥമാക്കിയ ചെറുപ്പക്കാരനാണു്, അല്ലേ? വളരെ സന്തോഷം. ഇങ്ങനെ പലരും സിററിയിൽ വരുമ്പോൾ പണം പോയി, പെണ്ടാട്ടി പോയി എന്നുവേണ്ടാ പല പല്ലവികളും പാടി പറഞ്ഞു ജോലി കരസ്ഥമാക്കും. കുറച്ചു കഴിയുമ്പോൾ അവരുടെ തനിനിറം അവർ പ്രകടിപ്പിക്കും. പോരാഞ്ഞിട്ടു്, നിങ്ങൾ ഒരു ഡിഗ്രിക്കാരനുംകൂടിയാണു്. ഇവിടെയുള്ള ജോലിക്കാരെ വശീകരിച്ചു പണിമുടക്കം പ്രകാരം ഒക്കെ ഉണ്ടാക്കാൻ പററിയ പുള്ളിയാണു്. ഒടുവിൽ ഞാൻ തെണ്ടിത്തിരിയണം. എല്ലാരും ഒപ്പമാണു്. അറിഞ്ഞുകൊണ്ടു് ആപത്തു തലയിൽ വലിച്ചുകേററുന്നതു ബുദ്ധിപൂർവ്വമല്ലല്ലോ. അതിനാൽ നിങ്ങളെ നിയമിക്കുന്ന കാര്യത്തിൽ, I am very sorry. ഏതായാലും ഇവിടെ തല്ക്കാലം vacancy ഇല്ല.

ആന– പൊന്നുസാറേ, അങ്ങനെ പറയരുത്. പലരും അത്തരക്കാരായിരിക്കാം. എന്നിൽനിന്ന് അങ്ങനെയൊന്നും വരികയില്ലെന്നു വാഗ്ദാനംചെയ്തുകൊള്ളുന്നു.

മാനേ—അതൊന്നും പറഞ്ഞു സമയം പാഴാക്കേണ്ടാ. നിങ്ങളെ കണ്ടിട്ട് ഒരു നല്ല കുലത്തിൽ ജനിച്ചവനെന്നു തോന്നുന്നുണ്ടെങ്കിലും ഒരു ധൂർത്തൻെറ ലക്ഷണമാണുള്ളത്.

(ധൂർത്തൻ എന്ന വാക്കു കേൾക്കുമ്പോൾ ആനന്ദൻ ഞെട്ടുന്നു)

ആന—അതെ, എൻെറ കുററംകൊണ്ടുതന്നെയാണ് എനിക്കിങ്ങനെയെല്ലാം വന്നതു്. ദയവുചെയ്ത് അങ്ങുന്നെന്നെ സഹായിക്കണം.

മാനേ—അതെന്തുമാകട്ടെ, തല്ക്കാലം നിയമിക്കുവാൻ സാദ്ധ്യമല്ല.

ആന—എന്നാൽ ഒരുദിവസം കഴിഞ്ഞുകൂടാൻ വല്ലതും തരാൻ കനിവുണ്ടായാലും.

മാനേ—(പെട്ടിതുറന്നു 5 രൂപായുടെ നോട്ടെടുത്തു നീട്ടിക്കൊണ്ട്) ഇതുംകൊണ്ടു നിങ്ങൾ പോകുക. മററമാർഗ്ഗമൊന്നും ഇവിടെ ഇല്ല.

ആന—(വാങ്ങി) നിങ്ങൾ നല്കിയ സംഭാവനയ്ക്കു ഞാൻ അകമഴിഞ്ഞു നന്ദി പറഞ്ഞുകൊള്ളുന്നു. ഞാൻ പോകട്ടെ. നമസ്തേ.

(കർട്ടൻ വീണുകഴിയുമ്പോൾ ഒരുവശത്തുകൂടി സ്റ്റേജിൽ വന്നുകൊണ്ടു്.)

എന്തു്? അഞ്ചു മിനിററു സംസാരിച്ചതേയുള്ളു. ജോലി കിട്ടിയില്ലെങ്കിലും രൂപാ അഞ്ചു കയ്യിലായി. കുറഞ്ഞതു ദിവസം 10 ഷാപ്പുകളിലോ വീടുകളിലോ കയ

റാൻ സാധിക്കും. രൂപയോ 50 നിശ്ചയം. 30 ദിവസമായാൽ 1500 രൂപാ. വലിയ വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളംപോലും ഇത്രത്തോളമാകയില്ല. ഇതുതന്നെ നല്ല തൊഴിൽ. അന്യർക്ക വേല ചെയ്യുകയും വേണ്ടാ; പണം ആവശ്യത്തിനു കിട്ടുകയും ചെയ്യും. ഇനിയും എനിക്ക് വേണ്ടതു ഒരു ഭിക്ഷക്കാരൻെറ വേഷം. എന്താ വല്ല തരക്കേടുമുണ്ടോ. ഭിക്ഷുവിൻെറ വേഷത്തിൽ ഇനി ചുററിക്കറങ്ങാം. എന്നാലും ഞാൻ വീട്ടിലേയ്ക്കു മടങ്ങുകയില്ല ഇനി അമ്മയുടെ മുഖത്തു നോക്കുവാൻ എനിക്ക സാദ്ധ്യമല്ല.

[കർട്ടൻ]

# രംഗം 13

("ആനന്ദഭവന മന്ദിരം". ഹരി ധൃതഗതിയിൽ വന്നുകയറുന്നു)

ഹരി—അമ്മേ, അമ്മേ,

കൊല്ലാ—ആരാ; ഹരികുഞ്ഞാണോ?

ഹരി—അമ്മ എവിടെ? ഇങ്ങു വിളിച്ചേ.

കൊല്ലാ—അമ്മ അടുക്കളേലാ. ഇത്ര നേരവും കരച്ചിലും പിഴിച്ചിലുമാരുന്നു. മൂത്തകുഞ്ഞിൻെറ യാതൊരു വിവരവും അറിയുന്നില്ലെന്നും പറഞ്ഞ് പാവം ഇപ്പോൾ എവിടെ കിടന്നലയുന്നോ. ആർക്കറിയാം. എന്നെ കണ്ണേട്ടത്താ കണ്ടുടെങ്കിലും ഇങ്ങനെയെല്ലാം വന്നുപോയ സ്ഥിതിക്ക കുഞ്ഞിൻെറ കാര്യം ആലോചിക്കമ്പം ഇത്തിരി വിഷമവും തോന്നുന്നു. കൊല്ലം നണ്ടാകാറായില്ലേ.

ഹരി—വരാനുള്ളതു വഴിയിൽ തങ്ങുമോ. നമുക്കെന്തു ചെയ്യാൻ കഴിയും.

അമ്മ—(പ്രവേശിക്കുന്നു) മകനെ അവൻെറ കാര്യം വല്ലതും അറിഞ്ഞോ? അവൻെറ കാര്യം ആലോചിക്കുമ്പോളെൻെറ ഹൃദയം തകരുന്നു. (മുഖം പൊത്തി കരയുന്നു.)

ഹരി—എനിക്കും അങ്ങനെ തന്നെ. എന്തുചെയ്യാം ആ കാര്യം മുഴുവനും തീൻ കാണും. ഇപ്പോൾ വല്ലിടത്തും കിടന്നലയുകയായിരിക്കും.

അമ്മ—മകനെ അത്രമാത്രം പറയാതെ. അവൻ ഒരിക്കലും അലയുകയില്ല. പഠിപ്പുള്ളവനല്ലെ.

(ജോസ് പ്രവേശിക്കുന്നു.)

ജോസ്—മിസ്റ്റർ ഹരി, Good News.

ഹരി—എന്താ?

ജോസ്—Result പുറത്തുവന്നു. നിങ്ങൾ First Class-ൽ First-ആയി പാസ്സായി. ഇതാ പത്രം. ഇനിയത്തെ പ്രോഗ്രാം എന്താണ്. ഇവിടെ തന്നെ പഠിക്കുന്നോ? അതോ പുറത്തു വല്ല കോളേജിലും പോകുവാൻ ആഗ്രഹിക്കുന്നോ?

അമ്മ—അവനെങ്കിലും എൻെറ കൂടെ താമസിക്കട്ടെ. അവനും പോയാൽ പിന്നെ ആരാണെനിക്കൊരാശ്രയം?

ജോസ്—അങ്ങനെ പറയരുത്. മക്കളുടെ ഭാവിയാണു നോക്കേണ്ടത്. പുറത്തുവിട്ടു തന്നെ പഠിപ്പിക്കണം. പഠിക്കേണ്ട സമയം വൃഥാ കളഞ്ഞാൽ പിന്നീടവർ സങ്കടപ്പെടേണ്ടി വരും. അമ്മസ്സു ഞങ്ങളൊക്കെ മക്കളായിട്ടുണ്ടല്ലോ. പിന്നെന്താ വിഷമം?

അമ്മ—കുഞ്ഞേ, അവനാണ് ഇനി എൻെറ ജീവൻ. അവനാണ് എൻെറ സമ്പാദ്യം. അവനെക്കൂടാതെ എനി

ക്ക ജീവിക്കവാൻ സാദ്ധ്യമല്ല. ഒരുത്തൻ കമ്പനിയിടാൻ പോയി. ഇതേവരെ ഒന്നും കേൾക്കാനില്ല.

ഹരി—ഏതായാലും മൂന്നുമാസം ലീവുണ്ടല്ലോ. പിന്നീടാലോചിക്കാം.

കൊല്ലാ—അതേ, അതേ, രണ്ടായാലും ബോംബെമാത്രം പോവണ്ടാ. മൂത്തകുഞ്ഞിനെ ചീത്തയാക്കിയ നാടാണ്. അതുപോലെ ഇളയ കുഞ്ഞിനെയും ചിലപ്പം മുടിക്കും. അല്ലെങ്കിൽ ഞാനും കൂടെ പോരാം. പിന്നെ ഒററയ്ക്കോ? അതുവേണ്ട. അമ്മയും പോരട്ടെ. വേണ്ട, വേണ്ട; അപ്പോൾ പപ്പുവോ? പാവം അവനെയുംകൂടെ കൊണ്ടു പോകണം? പാവം ഒരു കുഞ്ഞിൻെറ അച്ഛനാ. അയ്യയ്യോ അപ്പോൾ അവൻെറ കെട്ടിയവരും കൊച്ചും എന്തു ചെയ്യും? വേണ്ട ആരും പോകണ്ടാ. ഇവിടെ പഠിച്ചാൽ മതി. വിദേശത്തെ മുഴറൊട്ടിയേക്കാൾ നല്ലതു് നാട്ടിലെ അര റൊട്ടിയാ. 10 അക്ഷരം കുറച്ചു പഠിച്ചാലും വേണ്ടില ഇവിടെ പഠിച്ചാ മതി.

ഹരി—എടാ നീ ഒന്നു നിർത്തുമോ? ചെവിയ്ക്കൊരു സൈപര്യവുമില്ലല്ലോ.

[കർട്ടൻ]

---

# രംഗം 14

(ബോംബെ പട്ടണം. ആനന്ദൻ ഒരു ഭിക്ഷക്കാരൻെറ വേഷത്തിൽ പ്രത്യക്ഷനാകുന്നു)

ആന—(ദീർഘശ്വാസം വിട്ടുകൊണ്ട്) ഒരു ഷാപ്പിൽനിന്നു അഞ്ചുരൂപാ കിട്ടിയ ഉടനെ ഞാൻ കെട്ടിപ്പടുത്ത മനോരാജ്യക്കോട്ടയെല്ലാം തകന്നു തരിപ്പണമായി...... വാസ്തവത്തിൽ ഞാനിതൊന്നും അനുഭവിച്ചാൽ പോരാ. സകലവിധ സുഖങ്ങളും എനിക്കുണ്ടായിരുന്നിട്ടും അതുകൊണ്ടും ഞാൻ തൃപ്തിയടഞ്ഞില്ല. അവയെല്ലാം ഞാൻ തന്നെ വലിച്ചെറിഞ്ഞു കളഞ്ഞു. ഇന്നു ഞാൻ ഒരു തെരുവുതെണ്ടി (ഏങ്ങി ഏങ്ങി കരയുന്നു.) എന്നാൽ ഒരു തെരുവുതെണ്ടിയുടെ മനസ്സമാധാനമെങ്കിലും എനിക്കുണ്ടോ? അവനെന്തു സമാധാനമാണ്. എത്ര സുഖമായി ഉറങ്ങാം. എന്നാൽ ആ ഭാഗ്യവും എന്നിൽനിന്നും എന്നേക്കുമായി വേർപിരിഞ്ഞു. (കരയുന്നു)— ജഗദീശാ, ഒരു നേരത്തെ ആഹാരത്തിനായി പിച്ചച്ചിരട്ടയുമായി എത്ര ഭവനം കയറി ഇറങ്ങണം. (ദീർഘശ്വാസം വിടുന്നു).

(വഴിയിൽ നില്ക്കുമ്പോൾ ഒരു സൈക്കിൾകാരൻ പുറത്തുകൊണ്ടു തട്ടുന്നു.)

യാത്രക്കാരൻ—ഛീ മാറെടാ വഴിയിൽനിന്ന്. എന്താടാ നായെ, നിനക്കു റോഡും വീടു തന്നെയോ? ഇവനെയെല്ലാം പിടിച്ചു അഗതിമന്ദിരത്തിൽ ഇടാൻ ആരുമില്ലെ. അതെങ്ങനെയാ അവിടെ കിടത്തുന്നതു്. ഇവരൊക്കെ അഗതികളാണോ? വെറും റാസ്കൽസ്.

ആന—എൻെറ പൊന്നമ്മച്ചിപോലും എന്നെ എടാ എന്നു വിളിച്ചിട്ടില്ല. (ചിന്താനിമഗ്നനായി) അമ്മ.......അവസാനം അമ്മ തന്നെ എനിക്കാധാരം......ഞാൻ എന്തെല്ലാം അസഭ്യങ്ങളാണ് എൻെറ വത്സല മാതാവി

നോട്ട പറഞ്ഞിട്ടുള്ളത്. എത്ര നീചമായ രീതിയിൽ അമ്മയോട്ട ഞാൻ പെരുമാറി. അന്ത്യനിമിഷം അമ്മയുടെ അന്ത്യവചനം ഇന്ന ഞാൻ ഓർമ്മിക്കുന്നു......അമ്മേ!......ആ സാരോപദേശങ്ങൾ ഇപ്പോൾ ശരങ്ങളായി മാറി എൻെറ ഹൃദയത്തെ കുത്തിത്തുളക്കുന്നു. "പുത്രവാത്സല്യം കവിഞ്ഞൊഴുകുന്ന എൻെറ ഹൃദയം എങ്ങനെ വിഭജിക്കും പൊന്നുമോനെ''.......അതേ പുത്രവാത്സല്യം കവിഞ്ഞൊഴുകുന്ന മാതൃഹൃദയം വിഭജിക്കാൻ സാദ്ധ്യമല്ല. അമ്മയുടെ ഒരു വാക്ക കേൾക്കുവാൻ ഞാൻ ഇന്ന കൊതിക്കുന്നു. അന്ന എനിക്ക കണ്ണ്ഭേദകമായി തോന്നിയ ആ വാക്കുകൾ കേൾക്കുവാൻ ഇന്ന എൻെറ കാതുകൾ കൊതിക്കുന്നു. അമ്മേ അങ്ങുന്ന് 'പൊന്നുമോനെ' എന്നൊന്നു വിളിച്ചാൽ ആ വിളി മാത്രം മതി എൻെറ വിശപ്പടക്കാൻ, ദാഹം ശമിപ്പിക്കാൻ, ആ വിളിമാത്രം മതി എന്നെ സ്വാന്തനപ്പെടുത്തുവാൻ, എന്നെ ഒരു മനുഷ്യനാക്കിത്തീർക്കാൻ

## ഗാനം

(സ്നേഹസീമയിലെ "മഹൽത്യാഗമേ" എന്നമട്ടു്)

കേഴ്കനീ മാനസമേ നിരാലംബൻ നീയേ
തൂവുക കണ്ണുനീർ ഈ ലോകം നീ പാർത്തു്
രോഷം നീ പൂണ്ടു് വീക്ഷിപ്പതെന്തു്
ആനന്ദമുഖം വാടിതളന്നു

വിശപ്പിൻ വിളിയെ നിനക്കേൻ സ്വാഗതം
കേഴ്ക നീ മാനസമേ നിരാലംബൻ നീയേ
അമ്മതൻ മടിയിൽ ഓമനിച്ചല്ലോ
അമ്മിഞ്ഞിതന്നു നീ പാലൂട്ടിയല്ലോ

ഓർക്കുമ്പോൾ കണ്ണുനീർ ചിന്തിക്കാനും വയ്യ.
അമ്മേ നിൻവദനം കാണാൻ കൊതിപ്പൂ
കാണു നിൻസുതൻ തെണ്ടുന്നീ നാട്ടിൽ
നീയാണമ്മേ ഈ ഭൂവിൽ ശാന്തീയും ദീപവും.

ഇന്നു ഞാനെവിടെ?...അമ്മേ...ഇതാ നോക്കു...അമ്മയുടെ ഓമൽസുതൻ ബോംബേ നഗരത്തിൽ കിടന്നലയുന്നു. ഞാൻ പഠിച്ചിരുന്ന കാലത്തു് ഇവിടെ എന്റെ സിഗററ്റുകുററി വീഴാത്ത സ്ഥലമില്ലായിരുന്നു: ഇന്നീ നഗരത്തിൽ ഞാൻ വെറും ഒരു തെണ്ടിയായി അലയുന്നു. എന്നെ രാപകൽ പുകഴ്ത്തിപ്പാടിയ സഖാക്കൾ ഇന്നെനിക്കു കൂട്ടില്ല. അവരെന്നെ ഇപ്പോൾ ആട്ടിപ്പായിക്കുന്നു. അമ്മ പറഞ്ഞ ആ വാക്കുകൾ ഇന്നിതാ നിറവേറി. (കരയുന്നു) അമ്മച്ചീ, മാപ്പുതരൂ ഈ ധൂർത്തപുത്രനു്. ഞാനിതാ വരുന്നു അമ്മയുടെ സന്നിധിയിലേക്കു്. (ഭാവംമാറി) ഛീ, ലജ്ജയില്ലാത്ത മൃഗമേ! നില്ക്കവിടെ? നീ എവിടെയാണു പോകുന്നതു്? നിനക്കു ലജ്ജ എന്നൊന്നില്ലേ; ആ ഗൃഹത്തിൽ കാൽവയ്ക്കുവാൻ? സകല സൗകര്യവും ഉപേക്ഷിച്ചു വീതവുംവാങ്ങി ഇറങ്ങിയ നീ വീണ്ടും എവിടെച്ചെന്നു കയറുവാനാണുദ്ദേശിക്കുന്നതു്? ഇനി നിനക്കവിടെ ഉള്ള സ്ഥാനം എന്തു്? പ്രവേശനം ലഭിക്കുമോ? നിന്നെ ലോകം പഴിക്കും. നീ നീചനീചനെന്നു ലോകം ചൂണ്ടിക്കാണിക്കും. അതു നീ കേൾക്കുവാൻ തയ്യാറാണോ? നീ ഏതു മുഖത്തോടുകൂടി ഗൃഹത്തിൽ കയറും? നീ നിന്റെ അമ്മയെ എന്തുമാത്രം വേദനിപ്പിച്ചിട്ടുണ്ടു്? ഒരു മുഖക്കണ്ണാടി നിലത്തിട്ടു പൊട്ടിച്ചതിന്റെശേഷം അതു കൂട്ടിച്ചേർത്തുവെച്ചു നോക്കിയാൽ നിന്റെ ശരിയായുള്ള മുഖം ദർശിക്കുവാൻ സാധിക്കുമോ? അതുപോലെ പുത്രവാത്സല്യം കവിഞ്ഞൊഴുകുന്ന മാതൃഹൃദയം നീ തരിപ്പണമാക്കി. ഇനി നീ വീണ്ടും ചെന്നാൽ ആ പുത്രവാത്സല്യം ആ അമ്മയിൽ കാണുമോ? എടാ മഠയാ! ഇനി നിനക്കാവശ്യം ഒരുമുടി കയർ...എന്താണു നീ സ്തംഭിച്ചുനില്ക്കുന്നതു്...ഉം, നടക്കൂ, ആ വനത്തിലേക്കു്. (ആനന്ദൻ ഒരു അടി വയ്ക്കുന്നു. വീണ്ടും ചിന്താനിമഗ്നനായി) നില്ക്കവിടെ, സമാധാനപ്പെട്ടു്. നിനക്കു നിന്റെ അമ്മയാണോ വലുതു് അഭിമാനമാണോ വലുതു്? തീർച്ചയായും അമ്മയല്ലേ? എങ്കിൽ പുറപ്പെട്ടു ഗൃഹത്തിലേക്കു്. വൃദ്ധയായ അമ്മയെ സാന്ത്വനപ്പെടുത്തൂ. സച്ഛന്നം

തീയിലിട്ടു ചുട്ടുപഴുപ്പിച്ചു മർദ്ദിച്ചാലും അതിന്റെ മാററു കൂടുന്നതല്ലാതെ കുറയുന്നില്ലല്ലോ. മാതൃസ്നേഹം യാതൊരു കാരണവശാലും കുറയുകയില്ല. അതിനാൽ കഴിയുന്നതും വേഗം വീട്ടിൽ ചെന്ന് ദുഃഖിതയായ അമ്മയെ സാന്ത്വനപ്പെടുത്തു...പോകൂ, സമയംകളയാതെ. (ശാന്തതയോടെ) അതെ, ഇനി ഒരു നിമിഷം പോലും പാഴാക്കാൻ പാടില്ല. ഒരു ഭിക്ഷുവായിത്തന്നെ, ആരാലും കണ്ടുപിടിക്കപ്പെടാത്ത വേഷത്തിൽ വീട്ടിൽ ചെല്ലാം. അവർ തരുന്ന ജോലിചെയ്തു സമാധാനമായി കഴിഞ്ഞുകൂടാം. എന്റെ അമ്മയുടെ മുഖം കണ്ടു മരിച്ചാൽ മതി. (മറയുന്നു)

[കർട്ടൻ]

# രംഗം 15.

[ആനന്ദഭവനം. ഹരിയും അമ്മയും സംസാരിച്ചുകൊണ്ടിരിക്കുന്നു. കൊല്ലാമതൻ ഒരു പിച്ചക്കാരനുമായി ശണ്ഠകൂട്ടുന്നു]

കൊല്ലാ—എന്താ, താനിങ്ങോട്ടു പോന്നതു്? ഇതാശുപത്രിയാണോ? ആളിനു തെററിപ്പോയി. ഇതൊരു വീടാണ്. പോയിട്ടു മൂന്നാംതീയതി വാ. അപ്പോൾ വല്ലതും തരാം. ഇപ്പോൾ ഒന്നും ഇല്ല. ഉം, പൊയ്ക്കോ. നായയുണ്ട്, കടിക്കുന്നതാണ്. വേഗം പൊയ്ക്കോ.

ഭിക്ഷു—(ആത്മഗതം) അതേ, ഞാനിതു കേൾക്കേണ്ടവനാണ്. ഒരു പിച്ചക്കാരനെപ്പോലെ എന്റെ ഭൃത്യൻ എന്നെ ആട്ടിപ്പായിക്കുന്നു. എന്തായാലും ഞാനാരാണെന്ന് അറിയിക്കാതിരിക്കയാണു നല്ലതു്. (പ്രകാശം) ഞാൻ ഒരു ജോലിക്കു വന്നതാ. എന്തെങ്കിലും ജോലി കിട്ടിയാൽ കൊള്ളാം. ചേട്ടനല്ലാതെ എനിക്കാരും ഇല്ല.

ഹരി—(സംസാരത്തിൽ ശ്രദ്ധിച്ച്) എന്താ അവിടെ വന്നി മാനം? അവനു ജോലി എന്തറിയാമെന്നു ചോദിക്കു.

ഭിക്ഷു—എന്തു ജോലി തന്നാലും ചെയ്യാം.

കൊല്ലാ—ശരി, നമ്മുടെ തോട്ടക്കാരൻ പപ്പുവിനു പകരം നിറുത്താം. അവൻ ഭാര്യയുടെ സുഖക്കേടും കഴിഞ്ഞു മരിച്ചിട്ടേ വരു. അതുവരെ നില്ക്കട്ടെ.

ഹരി—ശരി. എന്നാൽ താൻ ആ ജോലി നോക്കിക്കൊള്ളു. നീ ഈ ഷൂ ഒന്നു പാളീഷ് ചെയ്യു; കാണട്ടെ.

[ഭിക്ഷു ആരുംകാണാതെ കണ്ണുനീർചൊരിയുന്നു. അല്പനേരം സ്തംഭിച്ചുനില്ക്കുന്നു. പിന്നെ ധൈര്യം അവലംബിക്കുന്നു ഒരു മൂളിപ്പാട്ടോടു കൂടി ജോലി തുടരുന്നു. കൊല്ലാമതൻ അകത്തോട്ടു പോകുന്നു]

ഹരി—തന്റെ പേരെന്താ?

ഭിക്ഷു—അങ്ങനെ ഒരു സ്ഥിരമായ പേരൊന്നും ഇല്ല.

ഹരി—എങ്കിലും പറയു.

ഭിക്ഷു—അശോകനെന്നാ.

ഹരി—അശോകനു നല്ല പാട്ടറിയാമല്ലോ. ഒരു പാട്ടു പാടു. കേൾക്കട്ടെ.

## ഗാനം

തൂവുകയാണു കണ്ണീർ തുള്ളികൾ നിൻജീവരക്തം
കാട്ടുകയാണു നനഞ്ഞ നയനം നിന്നെ ഈ ഭിക്ഷു
ഓ...ഓർക്കുകയില്ല നീ ആ വദനം ഓർക്കുകില്ല നീ
കരതലാമലകംപോൽ നിന്നെയേന്തി ചുംബിച്ചാമുഖം
അനുജനെന്നൻപോടു ഓതിമാറോടണച്ച ആ കൈകൾ

ഓർക്കുകയില്ല നീ ആ വദനം ഓർക്കുകില്ല നീ.
ഓ...നീയിന്നു രാജൻ മറിച്ച് ഞാനോ ഏതൈതാൻ
അലയുകയാണാലംബഹീനനായി വഴിമദ്ധ്യേ
തെണ്ടുകയാണൊരു ചാൺ വയററിനായിന്നേഴയായി
ഓർക്കുകയില്ല നീ ആ വദനം ഓർക്കുകില്ല നീ

(പാട്ടു കേട്ടു ഹരി കരയുന്നു.)

ഭിക്ഷു—എന്താ കുഞ്ഞു കരയുന്നതു്.

ഹരി—എൻെറ ജ്യേഷ്ഠൻെറ നിലയും ഇതുപോലെയാണ്. ഇപ്പോളെവിടെയാണെന്നറിഞ്ഞുകൂടാ. (ഭിക്ഷുവിൻെറ മുഖം വിളറുന്നു.)

ഹരി—നീ ഈ വീടും പരിസരങ്ങളും ഭദ്രമായി സൂക്ഷിച്ചു കൊള്ളണം. അമ്മേ, ഞാൻ വെളിയിലേക്കു പോകയാണ്. അല്പം കഴിഞ്ഞേ വരികയുള്ളു. ഹെഡ്മാസ്റ്ററെ ഒന്നു കാണണം (ഷൂസ് വാങ്ങി ഇട്ടുകൊണ്ടു പോകുന്നു. അമ്മ അകത്തോട്ടും പോകുന്നു. ഭിക്ഷു ഏകാന്തനായി നിന്നു വിലപിക്കുന്നു.)

ഭിക്ഷു—എൻെറ സ്വന്തം അനുജൻ എന്നെ അഭിവാദനം ചെയ്യുന്ന രീതി നോക്കണെ. അവൻെറ ബൂട്ട്സ് പോലും ഞാൻ പോളീഷ് ചെയ്യേണ്ടിവന്നല്ലോ; ഈശ്വരാ, നിൻെറ ഇംഗിതത്തിനു അധീനനാണു ഞാൻ. അവിടുന്നാണു എൻെറ സർവ്വവും. എനിക്കു യാതൊന്നും കിട്ടിയില്ലെങ്കിലും സാരമില്ല. എൻെറ അമ്മയ്ക്കു ഒരു സഹായമായി കഴിഞ്ഞു കൂടാമല്ലോ എന്നോർക്കുമ്പോൾ എനിക്ക് ആശ്വാസമായി.

[കർട്ടൻ]

# രംഗം 16

(സംഭവ വിപുലമായ 4 മാസങ്ങൾക്കശേഷം—ആനന്ദമന്ദിരം പൂമുഖത്തു് ഹരി, അശോകൻ, കൊല്ലാമതൻ അമ്മ ഇവർ.)

ഹരി—അമ്മ ഇങ്ങനെ സങ്കടപ്പെടുന്നതെന്തിനാണ്? ഓണലീവിനു ഞാൻ ഉടനെ തിരിച്ചെത്തുകയില്ലെ. അമ്മയ്ക്കു സഹായികളായി കൊല്ലാമതനും, അശോകനും ഉണ്ടല്ലോ? അശോകൻ ഒരു സ്നേഹമകനെപോലെയല്ലെ അമ്മയോടു പെരുമാറുന്നതു്. (കൊല്ലാമതൻ അശോകൻെറ ചെവിയിൽ എന്തോ മന്ത്രിക്കുന്നു. അമ്മമാത്രം കേൾക്കെ) അമ്മ ഒന്നു കൊണ്ടും വിഷമിക്കേണ്ടാ. പോരെങ്കിൽ Mr. ജോസ് എപ്പോഴും ഇവിടെ വന്നു വിശേഷങ്ങൾ അന്വേഷിക്കാമെന്നേററിട്ടുമുണ്ടു്. അതുകൊണ്ടു ഒന്നും ഭയപ്പെടാനില്ല.

അശോ—ഡോക്ടർ ജോസാണോ?

ഹരി—എന്താ തൻെറ കൂട്ടുകാരനോ മററോ ആണോ? അശേഷം ബഹുമാനമില്ലാതെ പേരിട്ടു വിളിക്കാൻ. മര്യാദയെന്തെന്നു നിനക്കറിയാമോ? ഇഡിയററ്.

(ഭിക്ഷുവിൻെറ മുഖം വിളറുന്നു. വീണ്ടും ഹരി തുടരുന്നു.)

ഞാൻ ഈ വീട്ടിൻെറ സകല ചുമതലയും നിന്നെ ഏല്പിക്കുകയാണ്. എന്തെങ്കിലും വിഷമമുണ്ടെങ്കിൽ ഉടനെന്നെ അറിയിക്കണം. അമ്മയെ സ്വന്തം അമ്മയെപ്പോലെ കരുതി ശുശ്രൂഷിക്കണം. അമ്മയ്ക്കു് യാതൊരു വിധ സങ്കടവും ഉണ്ടാകരുതു്. നിനക്കമ്മയുണ്ടോ?

അശോ—(വിലപിച്ചുകൊണ്ടു്) ഇതുപോലൊരമ്മയാണ്...

ഹരി—സാരമില്ല. നീ വിഷമിക്കേണ്ടാ. ഇതു നിൻെറ അമ്മയെന്നു കരുതിക്കൊള്ളൂ. സമയമില്ല. Express വരാൻസമയമായി. നീ ആ പെട്ടിയും ബെഡ്ഡും എടു

ത്തിട്ടു പോരൂ. (അമ്മച്ചിയുടെ കയ്യിൽ പിടിച്ചു മുട്ടിന്മേൽനിന്ന്), അമ്മേ ഞാൻ പോയിവരട്ടെ. എന്നെ അനുഗ്രഹിച്ചാലും.

അമ്മ—പോയിവാ മകനെ. നിൻെറ ജ്യേഷ്ഠനെപ്പോലെ ചീത്ത കൂട്ടുകാരുമായി കൂടല്ലേ മോനെ. അവനെ ചീത്തയാക്കിയതു അവൻെറ കൂട്ടുകാരാണ്. ഇന്നു അവൻ നല്ലവനാണ്. അവനെവിടെയാണോ? (ദീർഘശ്വാസം വിടുന്നു) അവനെപ്പററി ഓർക്കുമ്പോൾ......ഹാ!! എൻെറ ഈശ്വരാ, എനിക്കിങ്ങനെ സംഭവിച്ചല്ലോ. (ഹരിയുടെ നേരെ തിരിഞ്ഞ്) നീ ചെന്നുചേർന്നാൽ ഉടൻ കത്തയയ്ക്കണം.

(അശോകൻ മടിച്ചു മടിച്ചു പെട്ടിയെടുത്തുകൊണ്ടു പോകുന്നു)

കൊല്ലാ—എടാ പെട്ടി നിലത്തിടല്ലേ. എല്ലാം അതിൻെറകത്തിരിയ്ക്കയാ. പഠിക്കാനുള്ള ബുക്കും, പൗണ്ടൻ പേനയും, ഡിക്ഷനാറും എല്ലാം അതിൻെറകത്താ.

ഹരി—അതെന്തന്താണ്—ഡിക്ഷനാറോ?

കൊല്ലാ—അർത്ഥം എഴുതിവച്ചിരിക്കുന്ന ആ വലിയ പുസ്തകമേ.

ഹരി—ഓഹോ Dictionary യോ. ശരി പോകട്ടെ, അമ്മേ

(ഹരി പോകുന്നു. അശോകൻ പിന്നാലെ പെട്ടിയും ബെഡ്ഡുമായി പോകുന്നു. അമ്മ കുറെനേരം ഹരി പോകുന്നതു് നോക്കിനിന്നു് അകത്തോട്ടു പോകുന്നു. കൊല്ലാമതൻ മാത്രം നില്ക്കുന്നു.)

കൊല്ലാ—ഇതെന്തൊരു ദുശ്ശകുനമാ. മാലയും കൊണ്ടു വന്നവൻ വേലിക്കു പുറത്തും മണ്ണും ചാരി നിന്നവനു പെണ്ണും. പടച്ചോനെ! അങ്ങേയ്ക്കു കണ്ണില്ലേ? ഇതാണോ കമ്മ്യൂണിസ്റ്റുകാരു പറയുന്നതു ദൈവമില്ലെന്നു്. പ്ലാവിലയ്ക്കുപോയ കുഞ്ഞിനു കഞ്ഞിയില്ല

പോലും. ഞാൻ 17 കൊല്ലമായി, ഇതിൻറകത്തു ഈ കട്ടംപണിചെയ്യാൻ തുടങ്ങിയിട്ട്. എന്നിട്ടിതാ കണ്ടില്ലേ. ഇന്നലെ വന്ന ആ പരമദരിദ്രവാസിക്ക സകല അധികാരവും കൊടുത്തിട്ടു പോയതു്. അപ്പോൾ ഈ ഞാനാരായി? അവൻെറ ദാസനായി. എന്തെങ്കിലുമാവട്ടെ. എൻെറ വിധിയാ ഇതെല്ലാം. പിന്നെ ആ വലിയമ്മയെ ഓർത്തിട്ടാ ഇവിടെ കെടക്കണതു്. ഈ സ്ഥിതിയ്ക്കു തോട്ടക്കാരൻ പപ്പുതിരിച്ചു വന്നാൽ ഞാൻ മാറിക്കൊടുക്കേണ്ടി വരുമെന്നാ തോന്നുണേ. എന്തും വരട്ടെ ഒന്നു നോക്കിക്കളയാം.

[കർട്ടൻ]

# രംഗം 17

(ആനന്ദഭവനംമന്ദിരം ഒരു പോസ്റ്റ്പ്യൂൺ കത്തു കൊണ്ടുവരുന്നു അശോകൻ വാങ്ങി അമ്മയെ ഏല്പിക്കുന്നു. അമ്മ തുറക്കുവാൻ ഭാവിക്കുന്നു.)

അശോ—വേഗം തുറക്കമ്മേ, എന്നിട്ടു വായിച്ചേ; ഹരിയുടെ, അല്ല, കൊച്ചേമാൻെറ വിശേഷം അറിയാമല്ലോ.

അമ്മ—എന്താ അവൻെറ കാര്യത്തിൽ നിനക്കിത്ര താല്പര്യം സ്വന്തം അനുജനെപ്പോലെ അവനെ നീ കരുതുന്നല്ലോ.

അശോ -ഒന്നുമില്ല, വിവരം അറിഞ്ഞിട്ടു കുറച്ചു നാളായല്ലോ. (അമ്മ വായിക്കുന്നു. "ഹാ മകനെ നീയും പോയോ'' മൂർഛരിതയായി നിലംപതിക്കുന്നു). (പരിഭ്രമത്തോടെ) അമ്മേ ഇതെന്തുകളി. എടാ കൊല്ലാമതാ .....കൊല്ലൻചേട്ടാ ഇവിടെ ഒന്നുവന്നേ. ("എന്തോ'' അണിയറയിൽ വിളി കേൾക്കുന്നു) കുറെ തുണി ഓടിക്കൊണ്ടു വാ. എന്നിട്ടു പോയി ഡോക്ടർ ജോസിനെ

St. H. S

കൂട്ടികൊണ്ടു വരൂ. അമ്മയ്ക്കു Serious ആണെന്നു പറയൂ. (വേലക്കാരൻ അപ്രകാരം ചെയ്യുന്നു. ആനന്ദൻ തലകെട്ടി ബെഡ്ഡിൽ കിടത്തുന്നു. തറയിൽ കിടക്കുന്ന കത്തെടുത്തു വായിക്കുന്നു)

ഹരിയും കൂട്ടുകാരും അവധി സംബന്ധിച്ച് പിരിയുന്നതിനു മുമ്പ് നീന്തിക്കളിക്കാൻ കടലിൽ പോയി. തിരിയെ ആരും മടങ്ങിയില്ലെന്നു വ്യസനസമേതം രേഖപ്പെടുത്തികൊള്ളുന്നു. അവർ കയറിപ്പോയ ബോട്ടു മുങ്ങിയതായാണ് അറിവ്.

എന്ന്, പ്രിൻസിപ്പാൾ.

എൻെറ ഹരീ, നീയും പിരിഞ്ഞോ?

(കരഞ്ഞുകൊണ്ടു് അമ്മയുടെ അടുത്തു ഇരിക്കുന്നു.)

(ഡോക്ടർ ജോസും കൊല്ലാമതനും പ്രവേശിക്കുന്നു. അശോകൻ എഴുന്നേൽക്കുന്നു. ഡോക്ടർ അമ്മയെ പരിശോധിച്ചിട്ടു ചിന്താനിമഗ്നനായി മാറി നില്ക്കുന്നു. കൊല്ലാമതൻ അകത്തോട്ടു പോകുന്നു.)

അശോ—(പരിഭ്രമത്തോടെ) ഡോക്ടർ, എന്താണ് ഒന്നും മിണ്ടാത്തതു് അമ്മയ്ക്കു്...........

ജോസ്—ബ്ളഡ് അശ്ശേഷം ഇല്ല. ഹരി ഉണ്ടായിരുന്നെങ്കിൽ കുറെ രക്തം കുത്തിവെയ്ക്കാമായിരുന്നു.

അശോ—ഹരി മരിച്ചുവെന്നും പറഞ്ഞു കമ്പി വന്നു. അതാണു കാരണം. അവർ നീന്തിക്കളിക്കാൻ കടലിൽ പോയി തിരികെ വന്നില്ലെന്നും പറഞ്ഞു പ്രിൻസിപ്പാളിൻെറ കത്തുവന്നു.

ജോസ്—എന്തു്? Dear Hari നിങ്ങളും പോയോ!

അശോ—സംസാരിച്ചു നില്ക്കാൻ സമയമില്ല. ഇതാ എൻെറ രക്തം കുറെ എടുത്തുകൊള്ളൂ.

ജോസ്—Very sorry. തൻെറ രക്തംകൊണ്ടു പ്രയോജനമില്ല. അങ്ങനെ ആയിരുന്നെങ്കിൽ എൻെറ രക്തം കൊടുക്കുമായിരുന്നല്ലോ.

അശോ—ഡോക്ടർ, ഈ അവസരത്തിൽ എനിക്ക് അധികം ഒന്നും പറയാനില്ല. പറയുവാൻ സമയമില്ല. എന്നെ നിങ്ങൾ അറിയുന്നില്ല. നിങ്ങളെ എനിക്കറിയാം. ഇതാ നോക്കു.

[ഷർട്ടിൻെറ കൈ മാററിക്കാണിക്കുന്നു. ഡോക്ടർ സൂക്ഷിച്ചുനോക്കുന്നു]

എന്താ സൂക്ഷിച്ചുനോക്കുന്നതു്? ബാല്യകാലത്തു് ആനന്ദനും നിങ്ങളുംകൂടി ഉത്സവത്തിനു പോയപ്പോൾ ആനന്ദൻ കാരമായി കുട്ടിയിടിച്ച മുറിവുപററിയതോർക്കുന്നുണ്ടോ?

ജോസ്—ഉവ്വ്.

അശോ—ആ മുറിവാണീ കാണുന്നതു്.

ജോസ്—അപ്പോൾ നിങ്ങൾ...

അശോ—ഞാനാണ് ആനന്ദൻ. വീതവും വാങ്ങി ഒളിച്ചോടിയ ധൂർത്തൻ.

ജോസ്—Oh, dear Anandan! (അശോകനെ പുണരുന്നു)

അശോ—ദയവുചെയ്തു ഞാനാരാണെന്നു പുറത്തു പറയരുതു്. താമസിയാതെ വേണ്ടതു ചെയ്താലും.

[ജോസ് അശോകനെ കിടത്തി രക്തം എടുത്തു് അമ്മയുടെ ശരീരത്തിലേക്കു കുത്തിവെയ്ക്കുന്നു. കുറേക്കഴിഞ്ഞു് അമ്മ തല ഉയർത്തുന്നു. കൊല്ലാമതൻ പ്രവേശിക്കുന്നു]

അമ്മ—മകനെ, എൻെറ ഹരീ, നീ ഈ കുടുംബത്തിൻെറ ദീപമായിരുന്നല്ലോ. ഇതിനാണോ മകനേ, എന്നോടു

യാത്രപറഞ്ഞുപോയതു്? അയ്യോ, ഇനി ഈ കുടുംബം അററുപോകയോ! എൻെറ ഈശ്വരാ!

കൊല്ലാ—(പടിക്കലേക്ക നോക്കീട്ടു്) അല്ല, നമ്മുടെ കൊച്ചേമാൻ ഇതാ വന്നല്ലോ. നിങ്ങളൊക്കെയല്ലേ പറഞ്ഞതു ചത്തുപോയെന്നു്. എന്നാ ഇതുയിർത്തുവരികാ.

[ഓടിച്ചെന്നു കൂലിക്കാരൻെറ കയ്യിൽനിന്നു് പെട്ടി വാങ്ങിക്കൊണ്ടുവരുന്നു]

ഹരി—എന്താ കൊല്ലാമതാ, വല്ല വിശേഷവുമുണ്ടോ?

കൊല്ലാ—പൊന്നേമാനേ, എന്തു വിശേഷമാ പറേണ്ടേ? വന്നുകാണു, അമ്മേടെ നെല. അമ്മ ഇപ്പം സ്വാസ്ഥ്യത്തു പോയേനെ.

[അമ്മേ എന്നു വിളിച്ചുകൊണ്ടു് ഓടിവരുന്നു]

അമ്മ—(എഴുന്നേററിരുന്നു് അത്ഭുതത്തോടെ) അല്ല, സ്വപ്നം കാണുന്നുവോ? എൻെറ ഹരിയാണോ? അല്ല, ഒരിക്കലുമല്ല. അതേ, നീ മരിച്ചുപോയി. മകനേ, നിൻെറകൂടെ ഞാനും വരുന്നു. അയ്യോ, ഞാനും വരുന്നു.

ഹരി—ഇല്ലമ്മേ. അമ്മയുടെ മകൻ ഹരിയാണു ഞാൻ. ഇതാ എന്നെ പിടിച്ചുനോക്ക. അമ്മയ്ക്കെന്തു പററി?

അമ്മ—(ശരീരസ്പർശനാനന്തരം തുടരുന്നു) അയ്യോ മകനേ, നിങ്ങളു കുളിക്കുവാൻ കടലിൽ പോയെന്നും, ബോട്ടു മുങ്ങിപ്പോയെന്നും, പിന്നെ കണ്ടിട്ടില്ലെന്നും മററും കാണിച്ചു് എഴുത്തു വന്നിരുന്നല്ലോ.

ഹരി—(സങ്കടത്തോടെ) അയ്യോ, അവർ മരിച്ചോ! ഞാനും അക്കൂട്ടത്തിൽതന്നെ ഉണ്ടായിരുന്നു. പക്ഷേ, അവർ ബോട്ടിൽ കയറിയപ്പോൾ ഞാൻ യാത്രപറഞ്ഞു പിരിഞ്ഞു. ഞാൻ ഇങ്ങോട്ടു വരുന്നെന്നു് ആരും അറിഞ്ഞിട്ടില്ല. എന്നെ കാണാഞ്ഞതുകൊണ്ടു് ഞാനും ആപ

ത്തിൽ ഉൾപ്പെട്ടിരിക്കുമെന്നു കരുതി പ്രിൻസിപ്പാൾ എഴുത്തയച്ചതാണ്.

അമ്മ—എന്റെ മകനേ, നീ രക്ഷപെട്ടു. ദൈവത്തിന്റെ മഹാത്ഭുതമാണിതു്. ഞാൻ ഇന്നുവരെ ആർക്കും ദ്രോഹം ചെയ്തിട്ടില്ല, എന്നെ അവിടുന്നു ശിക്ഷിക്കാൻ.

ഹരി—അശോകനെന്താ അവിടെ കിടക്കുന്നതു്? അവനു് എന്തുപററി?

ജോസ്—എഴുത്തു കിട്ടിയഉടൻ അമ്മ മൂർച്ഛിതയായി നിലം പതിച്ചു. അതിൽ സാരമായ ചില പരുക്കുകളുംപററി. അശോകൻ എന്നെ വിവരം അറിയിച്ചു. ഞാൻ വന്നപ്പോൾ രക്തത്തിന്റെ അഭാവമെന്നു മനസ്സിലായി. അമ്മയുടെ ശരീരത്തിൽ കുത്തിവയ്ക്കുന്നതിനു് അശോകൻ രക്തം തരാമെന്നു പറഞ്ഞു. അവന്റെ രക്തം കുത്തിവച്ചതുകൊണ്ടു് അമ്മ രക്ഷപെട്ടു.

ഹരി—അവനു് ഇത്രമാത്രം യജമാനസ്നേഹം ഉണ്ടായല്ലോ. അശോകാ, നിന്നോടു് എങ്ങനെയാണു ഞാൻ നന്ദി പ്രകടിപ്പിക്കേണ്ടതു്? ഇതാ.

[10 രൂപായുടെ ഒരു നോട്ടു വച്ചുനീട്ടുന്നു]

അശോ—വേണ്ടങ്ങുന്നേ. എനിക്കൊന്നും വേണ്ട.

ഹരി—സാരമില്ല. വാങ്ങിക്കൊള്ളു. (അതിനുശേഷം ഡാക്ടരോടു്) എങ്കിലും ഇയാളുടെ രക്തം കുത്തിവെച്ച കാരണമെന്തു്? രക്തബന്ധം അശേഷമില്ലാത്ത ഒരു വ്യക്തിയുടെ രക്തം കുത്തിവെയ്ക്കുന്നതു ബുദ്ധിപൂർവ്വമോ?

ജോസ്—(അശോകനോടു്) ക്ഷമിക്കണം അശോകൻ, ഇപ്പോൾ പറയാതെ ഗത്യന്തരമില്ല. (ഹരിയോടു്) ഈ നില്ക്കുന്ന അശോകൻ നിങ്ങളുടെ ജ്യേഷ്ഠൻ ആനന്ദനാണ്. (അശോകൻ എഴുന്നേല്ക്കുന്നു)

ഹരി—(അടുത്തുചെന്നു സൂക്ഷിച്ചുനോക്കുന്നു) ജ്യേഷ്ഠാ, എന്റെ പൊന്നുജ്യേഷ്ഠാ, ക്ഷമിക്കണം. ഞാൻ ആളറിയാതെ എന്തെല്ലാമാണു പറഞ്ഞതു്? അണ്ണാ, മാപ്പുതരൂ ഈ പാപിയ്ക്കു്. (കാല്ക്കൽ വീഴുന്നു)

[ഉടനെ പിടിച്ചെഴുന്നേല്പിച്ചുകൊണ്ടു്]

ആന—അല്ല, മാപ്പുയാചിക്കേണ്ടവൻ ഞാനാണു്. മനുഷ്യതത്തെ തൃണവൽഗണിച്ചു മൃഗീയതയുടെ നീച്ചുഴിയിലേക്കു് എടുത്തുചാടിയ ഒരു മാംസപിണ്ഡമാണു ഞാൻ. അതു് ഒരിക്കലും പൂർവ്വസ്ഥിതിയെ പ്രാപിക്കയില്ല. എന്റെ സാന്നിദ്ധ്യം ഈ ഗൃഹത്തിന്നു് അത്ര അനുയോജ്യമല്ല. പുകഞ്ഞകൊള്ളി പുറത്തു്. (അമ്മയുടെ കിടക്കയുടെ അടുത്തുചെന്നു കണ്ണുനീർ ചിന്തിക്കൊണ്ടു്) അമ്മേ! അമ്മയുടെ മുഖത്തു് ഒന്നു നോക്കുന്നതിന്നുപോലും ഇന്നു ഞാൻ അയോഗ്യനാണു്. 'അമ്മേ' എന്നുവിളിക്കുവാൻതന്നെയും എനിക്കു ശക്തിയില്ല. എന്റെ കണ്ണുനീരുകൊണ്ടു് അമ്മയുടെ പാദങ്ങൾ കഴുകിയാലും എന്റെ പാപത്തിന്നു ശമനം കിട്ടുകയില്ല. എന്തെന്തു ത്യാഗങ്ങളാണു് ഈ പാപിയ്ക്കുവേണ്ടി അമ്മ സഹിച്ചതു്? തോരാത്ത കണ്ണീരിൽ കുളിപ്പിച്ചുകൊണ്ടല്ലേ ഞാനോടിപ്പോയതു്? എനിക്കു് ഇവിടത്തെ ആഡംബരം ആവശ്യമില്ല. എന്റെ അമ്മയെ ശുശ്രൂഷിക്കുവാനൊരവസരം എനിക്കു മരിക്കുന്നതിന്നുമുൻപു കിട്ടണമെന്നേ എനിക്കാഗ്രഹം ഉണ്ടായിരുന്നുള്ളൂ. അതു ജഗദീശൻ നിറവേററി. ഇനിയും വല്ലയിടത്തും പോയി മരിച്ചാൽ മതി.

അമ്മ—(ആശ്ചര്യഭരിതയായി എഴുന്നേററുകൊണ്ടു്) മകനേ, നീ എന്താണീ പറയുന്നതു്? എനിക്കൊന്നും മനസ്സിലാകുന്നില്ല.

ആന—ഇതു മനസ്സിലാകത്തില്ലമ്മേ. മനുഷ്യൻ സംസാരിച്ചാലല്ലേ മനസ്സിലാകുന്നതു്. മൃഗത്തിന്നു മനുഷ്യരെ മന

സ്സിലാക്കികൊടുക്കത്തക്ക കഴിവില്ല. ഞാൻ മൃഗമാണമ്മേ. എനിക്കീ ഗൃഹത്തിൽ അംഗത്വമില്ല. എന്റെ വീതംപോലും ബലാൽ ഞാൻ വാങ്ങി സകലരേയും സന്താപസിന്ധുവിൽ മുക്കിയിട്ട് ഇവിടംവിട്ടു. ഇനി ഞാനിവിടെ അധികമാണ്. എന്നെ അമ്മ എന്നേയ്ക്കുമായി മറന്നേയ്ക്കു. അമ്മ എനിക്കു മാപ്പുതന്നാലും ലോകം എനിക്കു മാപ്പുതരികയില്ല. എന്നെപ്പോലുള്ള ധൂർത്തന്മാർ ഇന്നും ഈ ലോകത്തുണ്ട്. അവർക്ക് ഒരു ചോദ്യച്ചിഹ്നമാണു ഞാൻ. ഇന്നമ്മ എന്നോടു മാപ്പുകാണിച്ചാൽ അവർക്കൊരു ഗുണപാഠം നഷ്ടപ്പെടും. എന്നെ ഇവിടെ നിന്നും ആട്ടിപ്പായിച്ചാലും. അതുകണ്ട് എന്നെപ്പോലുള്ള മനുഷ്യവേഷം ധരിച്ച മൃഗങ്ങൾ ഞെട്ടണം. അതേ, അവർ ഞെട്ടണം. എങ്കിൽമാത്രമേ മററുള്ളവർക്ക് അതൊരു ദൃഷ്ടാന്തമാകയുള്ളു. അമ്മേ, മാപ്പുതരൂ. ഞാൻ പോകട്ടെ.

അമ്മ —(കെട്ടിപ്പിടിച്ചു ചുംബിച്ചുകൊണ്ട്) നില്ക്കവിടെ മകനെ, നിന്റെ അമ്മയാണ് നിന്നോടു പറയുന്നതെന്നു നിനക്കു നല്ല ഓർമ്മവേണം. ഒരു വാളിന്റെ മുനയേക്കാളും മൂർച്ചയുള്ളതാണ് മാതൃനാക്ക് എന്നു നീ മനസ്സിലാക്കണം. നിനക്കു പുറത്തുപോകണമെന്നല്ലേ ആഗ്രഹം. പോയിക്കൊള്ളൂ. പക്ഷേ എന്നെക്കൂടി വധിച്ചതിനുശേഷം. ഞാൻ ഇരിക്കുന്ന കാലത്തോളം നിന്റെ ഇംഗിതം നടക്കാൻ പോകുന്നില്ല. (മേശതുറന്നു തോക്കെടുത്തു കാണിച്ചിട്ട്) ഇതാ പിടിക്കൂ. ഈ തോക്കുകൊണ്ടു നീതന്നെ എന്നെ വെടിവെച്ചു വീഴ്ത്തൂ. എന്നിട്ട് എന്റെ ശരീരത്തെ മെതിച്ചു പുറത്തുപോകൂ. പിടിക്കൂ. (ആനന്ദൻ വാങ്ങുന്നു. അമ്മ മുൻപിൽ കൈകൾ വിരിച്ചുകൊണ്ടു നില്ക്കുന്നു) വേഗമാകട്ടെ.

[ആനന്ദൻ വികാരംപകച്ചു നില്ക്കുന്നു. തോക്ക് എറിഞ്ഞിട്ട് 'അമ്മാ' യെന്നു വാവിട്ടു നിലവിളിച്ചുകൊണ്ട് ഓടിച്ചെന്നു പുണരുന്നു.

[ഹരി ഓടിവന്ന് അണ്ണാ എന്നു വിളിച്ചിട്ട് പുണരുന്നു. കൊല്ലാമതനും ഡാക്ടരും ഇതുകണ്ടു നിന്നിമേഷരായി നില്ക്കുന്നു]

## അശരീരിഗാനം

("ജായേ ഭോ്ജായേം കഹാം" എ. മ.)

ജീവിതംആസ്വാദിപ്പൂ് അതിന്നആനന്ദത്തിന്റെ മാറ്റൊലി
കരകടന്നാലും കടൽതാണ്ടിയാലും [മാത്രം
രക്തത്തിൻബന്ധം അഴിവില്ലതെന്നും
ജ്യേഷ്ഠനനുജൻ അമ്മയുമൊത്തു ജീവിതമാസ്വാദിപ്പൂ.

ജോസ്—(കൊല്ലാമതനോട്) ഇതാ കണ്ടാലും, അമ്മയുടെ കണ്ണുനീരിൻ ഫലം. അതു വെറുതെ നിലംപതിക്കുവാൻ ദൈവം അനുവദിക്കുമോ? അമ്മമാർ മക്കൾക്കായി ദൈവതിരുമുമ്പിൽ കണ്ണുനീർപൊഴിക്കട്ടെ!

ശുഭം.

DC Library
*00002869*
T62 K13

Indic Digital Archive Foundation
gpura.org
762
K 13